ഒലീവ്

April 2019

Vol. L1. No. 1

ഉയിർപ്പ് പുതുജീവന്റെ പിറവിയാണ്

കല്ലറയുടെ കടുപ്പമേറിയ കല്ലുകൾ പുഷ്പ ദളങ്ങൾ പോലെ മൃദുലമാകുന്നു.

കല്ലറയുടെ കവാടം ഇനി മേൽ അടയ്ക്കപ്പെടുകയില്ല. അതു വിടരുന്ന പുഷ്പമായിത്തീരും.

പൂവിന്റെ ദളങ്ങൾ കൊഴിഞ്ഞുപോകും. ഉള്ളിൽ ഉരുത്തിരിയുന്ന ഫലത്തിന്റെ പിറവിയാണ് അതു വിളംബരം ചെയ്യുന്നത്.

ആദ്യ പൂവും ആദ്യ ഫലവും ക്രിസ്തു. അവനു പിന്നാലെ കോടാനുകോടി പൂക്കൾ വിരിഞ്ഞ് ഉയിർപ്പിന്റെ വസന്തം

തുറക്കപ്പെട്ട കല്ലറ വിടരുന്ന പുഷ്പമാകുന്നതു പോലെ മരണത്തിന്റെ കിടക്കയായ കുരിശും പ്രഭാത സൂര്യന്റെ പ്രകാശം കടന്നുവരുന്ന കവാടമായിത്തീരുന്നു.

മേഘപാളികൾക്കു മുകളിൽ, ചക്രവാളത്തെ മുറിച്ച് സ്വർഗ്ഗോന്മുഖമായി തുറന്നിരിയ്ക്കുന്ന ഈ കവാടം ഉയിർകൊള്ളുന്ന പുതുജീവനെ വിളംബരം ചെയ്യുന്നു.

വിടരുന്ന പൂവ് സ്വർഗ്ഗോന്മുഖമായാണല്ലോ സ്വയം തുറക്കുന്നത്

ഉയിർപ്പ് ഇവിടെ ആരംഭിയ്ക്കുന്നു.

പാവനസ്മരണയ്ക്ക്

റവ. ഫാ. ജോർജ്ജ് അടിച്ചിലമാക്കൽ CST

Born: 15-08-1950 Died: 20-04-2019

ഒലീവ്

Little Flower Cogregation
News Bulletin

വിഷയസൂചിക

1. എഡിറ്റോറിയൽ
2. Superior General's Message
3. ചർച്ച് ബിൽ 2019 : ഒരു സഭാവിരുദ്ധ അജണ്ട
4. Superior General's Programme
5. Major Events in May
6. ജനറലേറ്റ് വാർത്തകൾ
7. Consultation
8. Little Flower Province
9. Sahihi Ya Mungu
10. Aluva Tidings
11. Jubilee Tidings
12. തിരുവുത്ഥാന ചിന്തകൾ
13. St. Thomas Province
14. Khrist Jyothi Province
15. St. Joseph's Province
16. Days to Remember

Vol. L1 No. 1 April 2019

Patron :
Fr. Dr. Francis Kilivallickal CST

Chief Editor :
Fr. Dr. Jose Manjiyil CST

Editorial Board :
Fr. Dr. James Purathail CST
Fr. Baiju Kannampilly CST
Fr. Dr. Jojo Varakukalayil CST
Fr. Prasad Kurisunkal CST
Fr. Joseph Munduparambil CST

Phone: 0484-2425226
Web & e-mail:
cstfathersindia.com
lfcongregation@gmail.com
cstfathers@gmail.com
Published from:
Little Flower Generalate
Thrikkakara P.O.
Kochi - 682021.

Printed at: Little Flower Offset Press
Thrikkakara P.O.
Phone : 0484-2988453
email:lfthrikkakara@gmail.com

(For private circulation only)

എഡിറ്റോറിയൽ

എന്റെ സ്നേഹിതരേ,

രണ്ടേ രണ്ടു കാര്യം മാത്രം!

1. ഹൃദയവിശാലതയെക്കുറിച്ച്
2. ഹൃദയത്തിന്റെ ആഴത്തെക്കുറിച്ച്

ഏറ്റവും ആദ്യം ഏവർക്കും പുനരുത്ഥാനത്തിരുന്നാളിന്റെ വിജയമംഗളങ്ങൾ ആശംസിക്കട്ടെ! ഒലിവിന്റെ കെട്ടിലും ഉള്ളടക്കത്തിലും മാറ്റം വരുത്തുവാൻ പരിശ്രമിക്കുന്നുണ്ട്. ഈ ലക്കത്തിൽ ഡോ. എബ്രാഹം കൊറ്റനല്ലൂർ ഈസ്റ്ററിനെപ്പറ്റി ദൈവശാസ്ത്രപരമായ ലേഖനം സംഭാവന ചെയ്തിട്ടുണ്ട്. ബഹു. അച്ചന് പത്രാധിപസമിതിയുടെ പേരിൽ അകൈതവമായ നന്ദി രേഖപ്പെടുത്തട്ടെ. കേരളത്തെ കിടിലംകൊള്ളിച്ച ചർച്ച് ബിൽ അതിന്റെ എല്ലാ നിയമങ്ങളെയും ഉൾപ്പെടുത്തി വായനക്കാർക്ക് രുചികരമായ ഒരു വിഭവമായി ഈ ലക്കത്തിൽ റെ. ഡോ. സാജു കുത്തോടിപുത്തൻപുര വിളമ്പിതരുന്നു. ബഹു. അച്ചന് ഒലിവ് അണിയിച്ചൊരുക്കുന്ന ഏവരുടേയും പേരിൽ കൃതജ്ഞത ഹൃദയപൂർവ്വം രേഖപ്പെടുത്തട്ടെ. നന്ദിയുടെ നറുമലരുകൾ കുറച്ച് ഞാൻ വാഴയിലയിൽ പൊതിഞ്ഞു വെച്ചിട്ടുണ്ട്. നീണ്ട 10 വർഷമായി ഒലിവിനെ സുന്ദരമായ ലേ ഔട്ട് കൊടുത്തും പ്രിന്റിംഗും ചെയ്ത് സമയത്ത് സഭാംഗങ്ങൾക്ക് വായിക്കുവാൻ എത്തിച്ചുകൊടുക്കുന്ന കഠിനമായ ജോലിയിൽ വ്യാപൃതനായിരുന്ന സ്നേഹബഹുമാനപ്പെട്ട പ്രസാദ് കുരിശുങ്കലച്ചന് നന്ദിയുടെ തൂവെള്ള നറുമലരുകൾ തരട്ടെ, സദയം സ്വീകരിച്ചാലും!

ഇനി എനിക്ക് പറയുവാനുള്ളത് **രണ്ട് കാര്യങ്ങൾ!**

1. **വിശാലമായ ഒരു ഹൃദയത്തിന്റെ** ഉടമയാകുന്നതിന്റെ ആവശ്യകത:

എന്റെ മൂത്ത സഹോദരൻ ഡോ. ഡേവീസ് (Regional Cancer Centre, TVM) ചെറുപ്പത്തിൽ എപ്പോഴും പറയുമായിരുന്നു. പഠിക്കാനിരിക്കുമ്പോൾ എപ്പോഴാണെങ്കിലും വലിയമുറിയിൽ മാത്രമെ ഇരിക്കാവൂ എന്ന്. കാറ്റും വെളിച്ചവും ആവശ്യത്തിൽ കൂടുതൽ - പ്രാണവായു (ഓക്സിജൻ) തളംകെട്ടി നിൽക്കുന്ന മുറി ആയിരിക്കണമെന്ന്. ഒരിക്കലും ഇടുങ്ങിയ, ചെറിയ മുറിയിൽ ഇരിക്കരുത് എന്ന്. ആവശ്യമെങ്കിൽ വലിയ മുറിയ്ക്കായി വാശി പിടിക്കണമെന്ന്. എന്താണ് കാരണമെന്നല്ലേ? എങ്കിലേ നമ്മുടെ ഹൃദയം വിശാലമായിരി

ക്കുകയുള്ളൂ എന്ന്. ഇടുങ്ങിയതും ഇരുട്ട് നിറഞ്ഞതുമായ മുറിയിലായാൽ നമ്മുടെ ചിന്താധാരകൾ വീക്ഷണകോണുകൾ, മറ്റുള്ളവരെക്കുറിച്ചുള്ള ധാരണകൾ എല്ലാം ഹ്രസ്വവും ലഘുവുമായിത്തീരുമത്രേ. മനുഷ്യ ബന്ധങ്ങളിലെ വിള്ളലുകൾ, അകൽച്ചകൾ എല്ലാം ഇടുങ്ങിയ ചിന്താ രീതികളുടെ പാർശ്വഫലങ്ങളാണ്. ഒരു പൂരപ്പറമ്പ് പോലെ മതിൽ കെട്ടുകളില്ലാത്ത, അതിർവരമ്പുകളില്ലാത്ത വിശാലമായ ഒരു മൈതാനമായിരിക്കട്ടെ നമ്മുടെ മാംസളങ്ങളായ കൊച്ചു ഹൃദയങ്ങൾ!

2. **ഹൃദയത്തിന്റെ ആഴമാണ്** അടുത്ത അപഗ്രഥന വിഷയം

ഗദ്സമേനിലെ പ്രാർത്ഥനയാണ് മുഖ്യചർച്ചാ വിഷയം. സമാന്തര സുവിശേഷങ്ങളെല്ലാം വളരെ ഭംഗിയായി 'ഒരു കല്ലേറു ദൂരം മാറി മുട്ടിൻമേൽ വീണ് പ്രാർത്ഥിച്ച്' 'തീവ്രദു:ഖത്താൽ ഞാൻ മരണത്തോളം എത്തിയിരിക്കുന്നു' എന്ന് പറഞ്ഞ് രക്തം വിയർത്ത യേശുവിനെ ചിത്രീകരിക്കുന്നുണ്ട്. ഹൃദയത്തിന്റെ ആഴത്തിൽ തട്ടിയ വ്യക്തിഗത പ്രാർത്ഥനയായിരുന്നു അത്. കരിസ്മാറ്റിക് ധ്യാനം, ആന്തരിക സൗഖ്യധ്യാനം തുടങ്ങി ധ്യാനപരമ്പര ആഘോഷിക്കുന്ന ഒരു വിശ്വാസി സമൂഹമാണല്ലോ നമ്മുടേത്. നമ്മൾ നേതൃത്വവും നൽകുന്നു. എന്നാൽ ഈ പ്രാർത്ഥനകളിൽ, ധ്യാനങ്ങളിൽ, ആരാധനകളിൽ, മദ്ധ്യസ്ഥ പ്രാർത്ഥനകളിൽ, കാറോസൂസായിൽ, 'എന്റെ ഹിതമല്ല അവിടുത്തെ ഹിതം നിറവേറട്ടെ!' എന്ന് പ്രാർത്ഥിച്ച യേശുവിന്റെ പ്രാർത്ഥന പോലെ ഹൃദയത്തിന്റെ ആഴത്തിലേക്ക് അടിത്തട്ടിലേക്ക് പോകുകയും, തീവ്രവേദനയിൽ മുഴുകി കൂടുതൽ തീക്ഷ്ണമായി പ്രാർത്ഥിക്കുകയും ചെയ്ത യേശുവിന്റെ പ്രാർത്ഥനയുമായി സാമ്യമുണ്ടോ. "അവന്റെ വിയർപ്പ് രക്തതുള്ളികൾ പോലെ നിലത്ത് വീണു." യഥാർത്ഥമായ (Genuine) പ്രാർത്ഥന – ഹൃദയത്തിൽ നിന്നുള്ള ഹൃദയത്തിൽ തട്ടിയുള്ള പ്രാർത്ഥന യേശു ദൈവമായിരുന്നിട്ടും മനുഷ്യപുത്രനായി, സംഘർഷം നേരിട്ടപ്പോൾ, പിതാവായ ദൈവത്തോട് പ്രാർത്ഥിച്ച രീതി. ഈ ഗദ്സെമനിലെ പ്രാർത്ഥനാമാതൃകയുള്ളപ്പോൾ (Prayer model) എന്തിനാണ് പൊള്ളയായ, ആഴമില്ലാത്ത, സ്വരം കൂട്ടി മറ്റുള്ളവരെ ശല്യപ്പെടുത്തുന്ന പ്രാർത്ഥനാരീതികൾ!

ഈശോമിശിഹാ ഏവരേയും അനുഗ്രഹിക്കട്ടെ!

Fr. Jose Manjiyil CST
Chief Editor
Professor, Bharat Mata School of Legal Studies,
Choondi, Aluva

SUPERIOR GENERAL'S MESSAGE:

MESSAGE - EASTER 2019

Here is a story shared by Fr. Jacob Naluparayil MCBS in his homily on Matthew 20:17-28 (Third Sunday of Lent): *Three Friends went to a far away city for a two-days picnic and checked in a multi-story hotel early in the morning. They got a room on the eighteenth floor. After breakfast they spent the whole day out in sightseeing. In the evening when they reached the hotel for night rest, they found that there was power-cut and the lift did not work. They decided to climb the steps to go to the eighteenth floor. As they were pious and very tired of climbing the steps, they started the rosary on the way to forget their fatigue. After few floors the Junior most of the Friends wanted to say something but the Senior Friend forbade him to speak because they were reciting rosary. As they reached the eighteenth floor of the hotel, they realized that none of them took the key of the room from the Receptionist. They looked at each other. The Junior said: This was exactly what I wanted to say while praying and climbing the steps.*"

What are the options for them in this situation? Most obviously they have to come down, get the key, climb up again and only then they can enter their room and have rest.

Often we miss the *Key* – the key of learning, the key of happiness….success…. fellowship….career…. commitment….glorification….the list is long.

Jesus taught disciples that the road to *Jerusalem*, the symbol of happiness….success…. fellowship….career…. commitment…. glorification…. is the road of suffering, rejection,

passion and crucifixion. There is no crown without cross ! The sufferings are with us always and we have to travel the path of thorns - *drink the cup of suffering*. *If we die with Him we shall arise with Him* is the assurance Jesus gives us.

Let us learn and have the **key for glorification and life eternal** with Jesus. Let us learn how to focus on the most essentials of life and keep cutting away until we get to the core, then hammer down on that and use that to take us into the stratosphere, cultivating willpower and setting up an environment that embraces frugality.

We shall learn to discern between “needs” and “wants” and cultivate the faculty of discernment. Right now, we are experiencing the problems that we haven’t been socialized from an early age to discern our needs from our wants in an environment of extreme abundance. Anxiety, depression and all other sorts of mental health issues have skyrocketed dramatically, which is not a coincidence.

Let us spend time, money, and most importantly – our focus - on the things that matter to us the most. It’s worth thinking about it in this Easter Season.

WE WISH YOU ALL THE BLESSINGS OF GLORIOUS EASTER AND NEW LIFE IN JESUS.

Fr. Francis Kilivallickal CST

Superior General.

ചർച്ച് ബിൽ 2019 : ഒരു സഭാവിരുദ്ധ അജണ്ട

ഫാ. സാജു കുത്തോടിപുത്തൻപുരയിൽ സി. എസ്. റ്റി
പി.ഒ.സി. പാലാരിവട്ടം

സംസ്ഥാന നിയമപരിഷ്കരണ കമ്മീഷൻ തയ്യാറാക്കിയ കേരളചർച്ച് (പ്രോപ്പർട്ടീസ് ആന്റ് ഇൻസ്റ്റിറ്റ്യൂഷൻസ്) ബിൽ 2019 സഭാവിരുദ്ധവും സഭാസമൂഹത്തെ ഭിന്നിപ്പിക്കാനുള്ള ശ്രമത്തിന്റെ ഭാഗവുമാണെന്നു തിരിച്ചറിഞ്ഞ് അവസരോചിതവും ക്രിയാത്മകവുമായി പ്രതികരിക്കുവാൻ ക്രൈസ്തവസമൂഹത്തിന് സാധിച്ചു. ഈ രാജ്യത്തുള്ള എല്ലാ നിയമങ്ങൾക്കും വിധേയമായാണ് സഭയുടെ സമ്പത്തു വിനിയോഗവും പ്രവർത്തനങ്ങളും മുന്നോട്ടു പോകുന്നത്. ക്രൈസ്തവ സ്ഥാപനങ്ങളെ മാത്രം ലക്ഷ്യംവച്ചുള്ള ഈ ബില്ല് നിരുപാധികം പിൻവലിച്ച് ക്രൈസ്തവസഭകളുടെ ആശങ്കകൾ ദൂരീകരിക്കണം, സർക്കാർ എത്രയും വേഗം.

ബിൽ ഉണ്ടാക്കുവാൻ പറയുന്ന കാരണങ്ങൾ

കേരളത്തിലെ ക്രൈസ്തവസഭകളുടെ വസ്തുക്കളും സ്ഥാപനങ്ങളും ഫണ്ടുകളും സത്യസന്ധവും സുതാര്യവുമായ വിധത്തിൽ കൈകാര്യം ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും, ഇക്കാര്യത്തിൽ തെറ്റായ എന്തെങ്കിലും നടപടികളുണ്ടായാൽ അതിനു പരിഹാരമുണ്ടാക്കുവാനും ഉദ്ദേശിച്ചുകൊണ്ടാണ് ചർച്ച് ബിൽ 2019 കൊണ്ടുവരുന്നതെന്നാണ് ഡ്രാഫ്റ്റിൽ പറഞ്ഞിട്ടുള്ളത്. ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 26(d) പ്രകാരം എല്ലാ മതവിഭാഗങ്ങൾക്കും നിയമാനുസൃതം വസ്തുവകകൾ കൈകാര്യം ചെയ്യുന്നതിന് അവകാശമുണ്ട്. നിലവിൽ ക്രൈസ്തവ ദേവാലയങ്ങളുടെ (വിവിധ മതവിഭാഗങ്ങളുടെ) വസ്തുവകകൾ കൈകാര്യം ചെയ്യുന്നതുമായി ബന്ധപ്പെട്ട് നിയമമില്ല. വിവിധ മാർഗ്ഗങ്ങളിലൂടെ കേരളത്തിലെ ക്രൈസ്തവ ദേവാലയങ്ങൾ വൻതോതിൽ വസ്തുവകകൾ ആർജിച്ചിട്ടുണ്ട്. ഈ വസ്തുക്കളെല്ലാം കൈകാര്യം ചെയ്യുന്നത് ബിഷപ്പുമാരോ അതത് വിഭാഗങ്ങളുടെ /ഇടവകകളുടെ അധികാരികളോ ആണ്. മതിയായ

കൂടിയാലോചനകൾ ഇല്ലാതെ വസ്തുവകകൾ വകമാറ്റം ചെയ്തും പണയപ്പെടുത്തിയും ദേവാലയങ്ങൾക്ക് സാമ്പത്തികനഷ്ടം ഉണ്ടാക്കിയ നിരവധി സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. ഇത്തരം സംഭവങ്ങൾ വിശ്വാസികളുടെ മനോവീര്യത്തെ തകർക്കുന്നു. നിലവിൽ ഇത്തരം വിഷയങ്ങളിൽ പരാതി നല്കാനുള്ള സംവിധാനം ഇല്ല. അതിനാൽ അത്തരത്തിൽ ഒരു നിയമം ഉണ്ടാകേണ്ടത് ഉചിതമാണെന്ന് സർക്കാർ കരുതുന്നതുകൊണ്ടാണ് ഈ കരട് നിയമം അവതരിപ്പിക്കുന്നത് എന്നാണ് സൂചിപ്പിച്ചിരിക്കുന്നത്.

ബില്ലിന്റെ പ്രസക്ത ഭാഗം

ഇക്കാരണങ്ങളാൽ, സർക്കാർ പ്രസ്തുത ആവശ്യങ്ങൾക്കായി ഒരു ട്രൈബ്യൂണൽ സ്ഥാപിക്കുമെന്നും, സഭകളുടെ വസ്തുവകകളുടെയും ഫണ്ടിന്റെയും കൈകാര്യത്തെക്കുറിച്ചുള്ള ഏതു തർക്കത്തെ സംബന്ധിച്ചും ആ സഭാവിഭാഗം സ്വീകരിച്ച തീരുമാനംകൊണ്ടു തൃപ്തിപ്പെടാത്ത ഏതൊരു സഭാംഗത്തിനും പ്രസ്തുത ട്രൈബ്യൂണലിൽ പരാതി നല്കാവുന്നതാണെന്നും, തർക്കവിഷയത്തിൽ ട്രൈബ്യൂണലിന്റെ തീരുമാനം അന്തിമമായിരിക്കുമെന്നും ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു.

വകുപ്പ് 8. ചർച്ച് ട്രൈബ്യൂണൽ –

ഏകാംഗ/ മൂന്നംഗ ചർച്ച് ട്രൈബ്യൂണൽ സർക്കാർ സ്ഥാപിക്കണം. ജില്ലാ ജഡ്ജിയോ ജില്ലാ ജഡ്ജിയായിരുന്നയാളോ ആയിരിക്കണം ഏകാംഗ ട്രൈബ്യൂണലിലെ അംഗം. മൂന്നംഗ ട്രൈബ്യൂണൽ ആണെങ്കിൽ ശേഷിക്കുന്ന അംഗങ്ങൾ ജില്ലാ ജഡ്ജി ആകാൻ യോഗ്യതയുള്ള ആൾ സർക്കാർ തലത്തിൽ സെക്രട്ടറി പദം വഹിച്ചിരുന്നവരാകണം. **വകുപ്പ് 9. ട്രൈബ്യൂണലിന്റെ അധികാരങ്ങൾ –** ഡിനോമിനേഷനിൽ ഉൾപ്പെടുന്ന ഏതൊരു അംഗത്തിനും ഇടവകയുടെ വസ്തുവകകളും പണവും കൈകാര്യം ചെയ്യുന്നതിനെ പറ്റിയുള്ള പരാതികൾ ട്രൈബ്യൂണലിൽ നല്കാം. ഇടവകയിൽ പരാതി ഉന്നയിച്ച് നടപടിയുണ്ടാകാത്ത വിഷയങ്ങളിലും ട്രൈബ്യൂണലിൽ പരാതിനല്കാം. ട്രൈബ്യൂണലിന്റെ തീരുമാനം അന്തിമമായിരിക്കും.

ബില്ലിനെ എതിർക്കുവാനുള്ള കാരണങ്ങൾ

ഇപ്രകാരം ഒരു നിയമമുണ്ടാക്കുന്നതിന് ന്യായീകരണമായി നിർദ്ദിഷ്ടബില്ലിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ വസ്തുതാവിരുദ്ധവും തെറ്റിദ്ധാരണാജനകവുമാണ്.

1. സ്വത്തുക്കൾ വാങ്ങുന്നതിനും വില്ക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനുമുള്ള സ്വാതന്ത്ര്യം ഭരണഘടന സഭയ്ക്ക് തന്നിരിക്കുന്ന അവകാശമാണ്. അതിന് ഒരു കമ്മീഷന്റെയും ആവശ്യമില്ല. സഭയുടെ വസ്തുക്കൾ കൈകാര്യം ചെയ്യുന്നതിന് നിലവിൽ ഒരു നിയമവുമില്ല എന്നു പറഞ്ഞിരിക്കുന്നത് തെറ്റാണ്. കത്തോലിക്കാസഭയുടെ വസ്തുക്കളും സ്ഥാപനങ്ങളും കൈകാര്യം ചെയ്യുന്നതിന് ഈ രാജ്യത്തുനിലവിലുള്ള സിവിൽ നിയമങ്ങളും സഭാനിയമങ്ങളും ബാധകമാണ്.

2. കത്തോലിക്കാ സഭയോ സഭാംഗങ്ങളായ വിശ്വാസികളുടെ ഏതെങ്കിലും അംഗീകൃത സംഘടനയോ പ്രസ്ഥാനമോ ഇങ്ങനെ ഒരു നിയമം വേണമെന്ന് ആവശ്യപ്പെട്ടിട്ടില്ല. ഇത് സഭാവിശ്വാസികളുടെ പൊതു അഭിപ്രായമല്ല.

3. സഭയുടെ പ്രവർത്തനങ്ങളിൽ, സാമ്പത്തികമായ ഇടപാടുകളിൽ സുതാര്യത ഇല്ലായെന്ന് വരുത്തി തീർക്കുവാനുമുള്ള ശ്രമത്തിന്റെ ഭാഗമാണ് ഈ ബിൽ. ഇല്ലാത്ത കാരണം പറഞ്ഞുകൊണ്ട് ശരിയായ പഠനങ്ങൾ നടത്താതെ ഒരു നിയമമുണ്ടാക്കുമ്പോൾ അതിനെ എതിർക്കേണ്ടതുണ്ട്. സുതാര്യത ഇല്ല എന്നു പറയുന്നത് വസ്തുതയ്ക്ക് ചേരുന്നതല്ല. നിലവിലുള്ള സഭാ നിയമങ്ങളിൽ സുതാര്യതപോരാ എന്നാണ് കമ്മീഷൻ വാദിക്കുന്നത്. എന്നാൽ ആരോപണത്തിന് ചേർന്ന സ്ഥിതി വിവരക്കണക്ക് ശേഖരിച്ചിട്ടില്ല.

4. സഭയുടെ നിയമമനുസരിച്ച് സഭയുടെ ആന്തരിക ഭരണം നിർവഹിക്കാൻ സാധിക്കാത്ത അവസ്ഥയിലേക്ക് കാര്യങ്ങൾ എത്തിനില്ക്കും. എവിടെ തർക്കങ്ങൾ ഉണ്ടായാലും ഈ ബില്ല് അനുസരിച്ച് അതു പരിഹരിക്കുക ചർച്ച് ട്രൈബ്യൂണലാണ്. ഈ ട്രൈബ്യൂണൽ അംഗങ്ങളും ഗവൺമെന്റ് നിയോഗിക്കുന്ന വരാണ്. ഇവിടെയും ഗവൺമെന്റിന് പ്രത്യേകമായിട്ടുള്ള അവരുടെ താത്പര്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള പഴുതുകൾ ഉണ്ട്. ആർക്ക്

കേസുകൊടുക്കാം എന്നുള്ളതിന് യാതൊരു നിർവചനവും തന്നിട്ടില്ല. ഏകകണ്ഠമായിട്ട് ചർച്ച ചെയ്ത് എടുക്കുന്ന തീരുമാനങ്ങളിൽ ഒരു ബന്ധവുമില്ലാത്ത ഒരാൾക്ക് ഇഷ്ടമില്ല എന്നതിന്റെ പേരിൽ എവിടെ വേണമെങ്കിലും ഇരുന്ന് കേസുകൊടുക്കാവുന്ന സംവിധാനത്തെ എങ്ങനെ നിയമത്തിൽ ഉൾപ്പെടുത്താൻ സാധിക്കും? സഭയ്ക്കുള്ളിൽ കലഹം വളർത്തി കൂട്ടായ്മ നശിപ്പിച്ച് സഭയെ തകർക്കുക എന്നതായിരിക്കും ചർച്ച് ബില്ലിന്റെ അന്തിമ ഫലം.

5. ഇന്ത്യൻ റിപ്പബ്ലിക്കിന് മതേതര സ്വഭാവം നല്കുന്ന ഭരണഘടന യിലെ സുപ്രധാന വകുപ്പുകളിൽ ഒന്നാണ് ആർട്ടിക്കിൾ 26. പ്രസ്തുത വകുപ്പുപ്രകാരം ഓരോ മതത്തിനും അല്ലെങ്കിൽ അതിന്റെ ഏതു വിഭാഗത്തിനും പൊതുവായ ക്രമസമാധാനം, ധാർമികത, ആരോഗ്യം എന്നിവയ്ക്കു വിധേയമായി താഴെപ്പറയുന്ന അവകാശങ്ങൾ ഉണ്ടാ യിരിക്കും: എ) മതപരവും പരസ്നേഹപ്രവർത്തനപരവുമായ ലക്ഷ്യ ങ്ങളുള്ള സ്ഥാപനങ്ങൾ സ്ഥാപിക്കാനും നടത്തിക്കൊണ്ടുപോകാനും ഉള്ള അവകാശം, ബി) മതവുമായി ബന്ധപ്പെട്ട കാര്യങ്ങൾ സ്വയം കൈകാര്യം ചെയ്യാനുള്ള അവകാശം, സി) ജംഗമവസ്തുക്കളും സ്ഥാവരവസ്തുക്കളും സമ്പാദിക്കാനും ഉടമസ്ഥത നിലനിർത്താ നുമുള്ള അവകാശം, ഡി) അത്തരം വസ്തുക്കൾ നിയമാനുസൃതം ഭരിക്കാനും പരിപാലിക്കാനുമുള്ള അവകാശം.

6. ആർട്ടിക്കിൾ 26 ഉറപ്പു നല്കുന്ന **മൗലികാവകാശങ്ങളെ, പൊതു ക്രമസമാധാനം, ധാർമികത, ആരോഗ്യം** എന്നിവയൊഴികെ മറ്റൊരു കാരണത്തിന്റെയും പേരിൽ നിഷേധിക്കാനോ പരിമിതിപ്പെടുത്താ നോ നിയന്ത്രിക്കാനോ സർക്കാരിനും നിയമനിർമ്മാണസഭയ്ക്കും അധികാരമില്ല. ബില്ലിന്റെ പ്രഖ്യാപിത ലക്ഷ്യം പൊതുക്രമസമാ ധാനം, ധാർമികത, ആരോഗ്യം എന്നിവയുടെ സംരക്ഷണമല്ല. ബില്ലിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെക്കുറിച്ചുള്ള പ്രസ്താവനയിൽ പൊതു ക്രമസമാധാനം, ധാർമികത, ആരോഗ്യം എന്നിവ സംബന്ധിച്ച് എന്തെങ്കിലും ആക്ഷേപമുള്ളതായി ചൂണ്ടിക്കാണിച്ചിട്ടില്ല. അതുകൊ ണ്ട്, തികച്ചും ഭരണഘടനാവിരുദ്ധമായ ഒരു നിയമമുണ്ടാക്കി ക്രൈസ്തവസഭകളുടെ **ഭരണഘടനാദത്തമായ മൗലികാവകാശ ങ്ങളെ നിഷേധിക്കാനും സഭയുടെ സ്വത്തുക്കളുടെയും സ്ഥാപന**

ങ്ങളുടെയും മേൽ വിശ്വാസികളല്ലാത്തവരുടെ നിയന്ത്രണം ഏർപ്പെടുത്താനുമുള്ള ഗൂഢശ്രമം ഈ ബില്ലിനു പിന്നിലുണ്ട്.

7. നിലവിൽ സഭവകസ്വത്തുക്കളുടെ കൈമാറ്റത്തെ നിയന്ത്രിക്കുന്ന നിയമസംവിധാനവും, അത്തരം കൈമാറ്റങ്ങളെയും ദുരുപയോഗത്തെയും കുറിച്ച് പരാതിപ്പെടാൻ വേദികളും ഇല്ല എന്ന കാരണമാണ് ബില്ലിൽ പറഞ്ഞിട്ടുള്ളത്. ഇത് വസ്തുതാ വിരുദ്ധമാണ്. സഭാവസ്തുക്കളുടെ ഭരണത്തെയും കൈമാറ്റത്തെയും സംബന്ധിക്കുന്ന കാനൻ നിയമങ്ങളുണ്ട്. പ്രസ്തുത കാനൻ നിയമങ്ങളനുസരിച്ച് ഭരണം നടത്താൻ സഭയ്ക്ക് മൗലികാവകാശമുണ്ട്. കാനൻ നിയമത്തിലെ അത്തരം വ്യവസ്ഥകളും അവയുടെ പ്രയോഗവും **പൊതുക്രമസമാധാനത്തിനും ധാർമികതയ്ക്കും ആരോഗ്യത്തിനും എതിരാണെങ്കിൽ മാത്രമേ സ്റ്റേറ്റിന് ഇടപെടാൻ കഴിയുകയുള്ളൂ.** നിർദ്ദിഷ്ട ബില്ലിൽ അത്തരം ആരോപണങ്ങളൊന്നുമില്ല. മാത്രവുമല്ല, മതവിഭാഗങ്ങളുടെ വസ്തുവകകൾ കൈകാര്യം ചെയ്യുന്നതിൽ രാജ്യത്തെ നിയമങ്ങളുടെ ലംഘനം എന്തെങ്കിലും ഉണ്ടായാൽ ഉചിതമായ നടപടികൾ സ്വീകരിക്കാൻ ഇപ്പോൾത്തന്നെ നിയമങ്ങളുണ്ട്.

8. ഭരണഘടനയിലെ ആർട്ടിക്കിൾ 26-ന്റെ വെളിച്ചത്തിൽ മതവിഭാഗത്തിന്റെ സ്വത്തുക്കളും സ്ഥാപനങ്ങളും ഭരിക്കേണ്ടത് എങ്ങനെയെന്നും ആരെന്നും നിശ്ചയിക്കേണ്ടത് അതിലെ അംഗങ്ങളാണ്. സ്റ്റേറ്റിനോ ബാഹ്യശക്തികൾക്കോ ഇക്കാര്യത്തിൽ ഒന്നും ചെയ്യാനില്ല. സഭയുടെ ഏതെങ്കിലും ഒരംഗത്തിന് ഇപ്പോഴത്തെ വ്യവസ്ഥിതി തൃപ്തികരമല്ലെങ്കിൽ അയാൾ തന്റെ വീക്ഷണം സഭയെക്കൊണ്ട് അംഗീകരിപ്പിക്കാൻ പരിശ്രമിക്കണം. ഉചിതമായ വേദികളിൽ അത്തരം ആവശ്യങ്ങൾ ഉന്നയിക്കണം. അവയിൽ സഭയുടെ നിയമങ്ങൾ അധികാരപ്പെടുത്തിയിട്ടുള്ള വ്യക്തിയോ സംഘമോ തീരുമാനമെടുക്കണം. **പാരിഷ് കൗൺസിൽ, പാസ്റ്ററൽ കൗൺസിൽ, ഫിനാൻസ് കൗൺസിൽ തുടങ്ങിയ സഭയ്ക്കുള്ളിലെ ജനാധിപത്യസംവിധാനങ്ങളെ ഇതിനായി പ്രയോജനപ്പെടുത്തണം.** അതിന് ശ്രമിക്കാത്ത സർക്കാരിന് ഇല്ലാത്ത അധികാരം ഉപയോഗിക്കാൻ സർക്കാരിനോട് അപേക്ഷിക്കുന്നത് ന്യായമല്ല; നീതിയല്ല, ജനാധിപത്യവിരുദ്ധവുമാണ്.

9. ജനാധിപത്യത്തെ സംബന്ധിച്ച രാഷ്ട്രീയ സങ്കല്പം കുടുംബങ്ങൾ, സ്വകാര്യസ്ഥാപനങ്ങൾ, അസോസിയേഷനുകൾ, മതവിഭാഗങ്ങൾ എന്നിവയുടെ കാര്യത്തിൽ പൂർണമായും പ്രയോഗിക്കാൻ സാധ്യമല്ല. സഭയിലെ ഇപ്പോഴത്തെ സമ്പ്രദായം കാലത്തിന്റെ പരീക്ഷയ്ക്കു വിധേയമായിട്ടുള്ളതാണ്. സഭയുടെ ഏതെങ്കിലും അംഗീകൃതസമിതിയോ ഫോറമോ ബില്ലിൽ നിർദേശിച്ചിട്ടുള്ള പുതിയ സമ്പ്രദായം സ്വീകരിക്കാൻ ആവശ്യപ്പെട്ടിട്ടില്ല. ഇത്തരം കാര്യങ്ങളിൽ കാലാനുസൃതമായ മാറ്റങ്ങൾ ആവശ്യമായി വന്നാൽ, **അവ സംബന്ധിച്ചു തീരുമാനമെടുക്കേണ്ടത് സഭ തന്നെയാണ്.**

10. ഇപ്പോൾ നിർദേശിക്കപ്പെട്ട ബില്ല് നിയമമായിത്തീർന്നാൽ സഭാസ്വത്തുക്കളുടെയും സ്ഥാപനങ്ങളുടെയും ഇപ്പോഴത്തെ സമാധാനപൂർണവും ക്രമാനുസൃതവുമായ ഭരണം തർക്കങ്ങൾകൊണ്ടും വ്യവഹാരങ്ങൾകൊണ്ടും നശിപ്പിക്കപ്പെടുമെന്നതിൽ സംശയമില്ല. സഭാസ്വത്തുക്കളുടെയും സ്ഥാപനങ്ങളുടെയും ഭരണം സഭാധികാരികളുടെ കൈയിൽ നിന്നെടുത്ത് സർക്കാരിന്റെ നിയന്ത്രണത്തിലാക്കുകയെന്ന ഗൂഢലക്ഷ്യം ഈ ബില്ലിന്റെ പിറകിലുണ്ടെന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഈ ബിൽ നിലവിൽ വന്നാൽ അതു നടപ്പിലാക്കുന്നതിനായി ചട്ടങ്ങൾ നിർമിക്കേണ്ടതായിവരും. **ഇപ്പോൾ കാണുന്ന ബിൽ വലിയ മഞ്ഞുമലയുടെ അഗ്രം മാത്രമാണ്. നിലവിലുള്ള സഭാസംവിധാനങ്ങളെ മുഴുവൻ തകർത്തുതരിപ്പണ മാക്കുന്നതിനുള്ള നിയമങ്ങളും ചട്ടങ്ങളുമാണ് ബില്ലിന്റെ മറവിൽ രൂപപ്പെടാൻ പോകുന്നത്.**

11. പുതിയ നിയമനിർദേശംകൊണ്ടു ചില പ്രധാന ലക്ഷ്യങ്ങളാണു ചർച്ച് ബിൽ അനുകൂലികൾ ഉന്നംവയ്ക്കുന്നത്. ക്രൈസ്തവ സഭയിലെ പുരോഹിതർക്കു വിശ്വാസിസമൂഹ ത്തിന്മേലുള്ള സ്വാധീനവും നിയന്ത്രണവും ഇല്ലതാക്കുക എന്നതാണ് ഈ ലക്ഷ്യങ്ങളിലൊന്ന്. ക്രൈസ്തവസഭയെ സംബന്ധിച്ചിടത്തോളം വൈദികർ ആത്മീയ ശുശ്രൂഷകർ മാത്രമല്ല അല്മായ സമൂഹത്തെ വിശ്വാസവഴിയിലൂടെ നയിക്കുകയും വിശ്വാസപ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും അതിനാവശ്യമായ ഭൗതികസാഹചര്യങ്ങളൊരുക്കുന്നതിൽ നേതൃത്വപരമായ പങ്കുവഹിക്കുന്നവരുമാണ്.

വൈദികരെ ഒറ്റപ്പെടുത്തി, മാറ്റിനിർത്തിയാൽ സഭാസംവിധാനം തന്നെ എളുപ്പത്തിൽ തകർക്കാൻ കഴിയുമെന്ന് ബിൽ അനുകൂലികൾ വിശ്വസിക്കുന്നു. ഒറ്റപ്പെട്ട സംഭവങ്ങളുടെ മറവിൽ സഭയെ ഒന്നടങ്കം ആക്ഷേപിക്കുന്നു. അടിച്ചിരുത്തുവാൻ ശ്രമിക്കുന്നു. വിശ്വാസത്തെ പ്പോലും വ്രണപ്പെടുത്തുന്നു.

12. ക്രൈസ്തവമതവിഭാഗത്തിൽ ഇന്നു കാണുന്ന ശക്തമായ ഇടവക-രൂപത-സഭാസംവിധാനങ്ങളിൽ രാഷ്ട്രീയമായും മറ്റുതരത്തിലും നുഴഞ്ഞുകയറ്റം നടത്തി ഈ സംവിധാനങ്ങളെ സ്വന്തം വരുതിയിലാക്കാൻ കഴിയുമോ എന്ന പരീക്ഷണമാണ് മറ്റൊരു ലക്ഷ്യം. സഭാസംവിധാനങ്ങളിൽ തിരുത്തലുകളും പൊളിച്ചെഴുത്തും വേണമെന്ന ചിന്ത ചില കോണുകളിൽ നിന്നുയരുന്നുണ്ട്. പക്ഷെ, അതു തലമുറകളായി സംരക്ഷിച്ചു കാത്തുസൂക്ഷിക്കുന്ന സഭയുടെ കെട്ടുറപ്പിനെ വെല്ലുവിളിച്ചും നിർവീര്യമാക്കിയു മാകരുത്. ഭരണഘടനയുടെ ആർട്ടിക്കൾ 26 ഉറ പ്പുനല്കുന്ന മൗലികാവകാശങ്ങളെ നിഷേധിക്കുന്നതും, ഭരണഘ ടനയിൽ സംരക്ഷിക്കപ്പെട്ടിരിക്കുന്ന മതനിരപേക്ഷതയുടെ ചൈത ന്യത്തിനു നിരക്കാത്തതും, സഭാസ്വത്തുക്കളുടെയും സ്ഥാപനങ്ങ ളുടെയും സമാധാനപൂർണമായ നടത്തിപ്പിന് വിഘാതമുണ്ടാക്കുന്ന തുമായ ഇത്തരം ഒരു നിയമനിർമ്മാണ ശ്രമത്തിൽനിന്നും കേരള നിയമപരിഷ്കരണ കമ്മീഷൻ പിന്മാറണം.

ഞാൻ വിളിച്ചപേക്ഷിച്ച നാളിൽ അവിടുന്ന് എനിക്ക് ഉത്തരമരുളി; അവിടുന്ന് എന്റെ ആത്മാവിൽ ധൈര്യം പകർന്ന് എന്നെ ശക്തിപ്പെടുത്തി.

(സങ്കീർത്തനങ്ങൾ 138 : 3)

PROGRAMMES OF THE SUPERIOR GENERAL
APRIL TO JUNE 2019

DATE		PROGRAMME
01 April to 11 May	:	Accompanying Major Seminarians preparing for Perpetual Vows
	:	At Little Flower Study House, Kothamangalam
11 May	:	Holy Mass & Renewal of Vows at Little Flower Seminary, Aluva, at 06.00 pm
12 May	:	Perpetual Profession and Vestition at Little Flower Seminary, at 06.30 am
13 May	:	Minor Orders at Little Flower Seminary, Aluva at 06.30 am. Major Seminarians Meet at 11 am.
14 May	:	Common Meeting of Major Seminarians along with Provincial Superiors and General Councillors and Convocation at 09.00 am.
	:	Governing Body Meeting of Little Flower Seminary, Aluva at 03.00 pm.
15 May	:	Meeting of the General Council at Little Flower Generalate at 03.00 pm
17 May	:	Participation in the First Profession at St. Thomas Ashram, Kottoor
22-23 May	:	Inter Province Meeting at Sancta Maria Ashram, Vattathuvayal.
03 June	:	Schola Brevis at Little Flower Seminary, Aluva - Holy Mass at 08.30 am
03-04 June	:	KCMS General Body meeting

MAJOR EVENTS IN MAY 2019

1. Retreat of Philosophy and Theology Seminarians at Little Flower Seminary, Aluva – 05 May evening to 11 May 2019 morning.
2. Retreat of the Major Seminarians preparing for Perpetual Vows at Little Flower Study House, Kothamangalam, 05 May evening to 11 May 2019 morning.
3. Common Retreat of the Novices at Little Flower Novitiate House, Chathamunda on 10 May evening to 16 May 2019 Morning.
4. The Renewal of Vows by Major Seminarians at Little Flower Seminary, Aluva on 11 May 2019 at 06.00 pm.
5. Perpetual Profession and Vestition at Little Flower Seminary, Aluva on 12 May 2019 at 06.30 am
6. Minor Orders to the approved Candidates at Little Flower Seminary, Aluva on 13 May 2019 at 06.30 am by Mar Jose Puthenveettil, Auxiliary Bishop, Major Archdiocese of Ernakulam-Angamaly.
7. Major Seminarians Meet at Little Flower Seminary, Aluva at 11 am on 13 May to 01.00 pm on 14 May, 2019.
8. Common Meeting of Major Seminarians along with Provincial Superiors and General Councillors and Convocation at 09.00 am on 14 May 2019.
9. Governing Body Meeting of Little Flower Seminary, Aluva - 14 May 2019 at 03.00 pm
10. First Profession of Novices on 17 May 2019 at
11. Inter Province meeting on 22-23 May 2019 at Sancta Maria Ashram, Vattathuvayal.
12. Schola Brevis at Little Flower Seminary, Aluva on 01 June 2019
13. Death Anniversaries (April – June) :

    Fr. Mathew Chakkalayil on 15 April
    Fr. Aquinas Vathikulam on 23 April
    Fr. Norbert Vandalathukary on 05 May
    Fr. Jacob Edakkalathur on 10 May
    Fr. Albert Vettukallumpurath on 21 May
    Fr. Varghese Koikara on 03 June
    Fr. Augustine Thekkel on 24 June
    Fr. Emmanuel Arackathottam on 29 June.

ജനറലേറ്റ് വാർത്തകൾ

- ജനുവരി 6-ാം തീയതി ബ. സാവിയോ പീച്ചാട്ടച്ചന്റെ മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുക്കാൻ ജനറലേറ്റിൽ നിന്നും ബ. അച്ചൻമാർ മുടിക്കൽ ക്രിസ്തുജ്യോതി മിഷൻ സെമിനാരിയിലും തുടർന്ന് ആലുവാ സെമിനാരിയിലും പോയി.
- ജനുവരി 7-ാം തീയതി വൈകീട്ട് പുതുതായി പട്ടം കിട്ടിയവരിൽ സഭയിലെ 18 വൈദികർ ജനറലേറ്റ് ചാപ്പലിൽ ദിവ്യബലിയർപ്പിച്ചു.
- ജനുവരി 7-ാം തീയതി ബ. ജനറാളച്ചനും മറ്റച്ചന്മാരും ബ. ജോസഫ് കട്ടക്കലച്ചന്റേയും, ബ. ജെയിംസ് മുണ്ടക്കലച്ചന്റേയും പൗരോഹിത്യ സുവർണ്ണ ജൂബിലിയാഘോഷങ്ങലിൽ പങ്കു ചേരാനായി ആലുവ സെന്റ് ജോസഫ്സ് പ്രൊവിൻഷ്യാൽ ഹൗസിൽ പോയി.
- ജനുവരി 10-ാം തീയതി ബ. ജനറാളച്ചനും കൗൺസിലേഴ്സും ആലുവാ ലിറ്റിൽ ഫ്ളവർ സെമിനാരിയിൽ വച്ചു നടന്ന ഔദ്യോഗിക മീറ്റിങ്ങുകളിൽ പങ്കെടുക്കാൻ പോയി.
- ജനുവരി 13-ാം തീയതി ഈ വർഷം പൗരോഹിത്യ രജതജൂബിലി ആഘോഷിക്കുന്ന സഭയിലെ ബ. വൈദികരായ ഷാജി മീൻപുഴയ്ക്കലച്ചൻ, ക്ലീറ്റസ് ഉണ്ണിക്കുന്നേലച്ചൻ, ജോസ് തടത്തിലച്ചൻ, സണ്ണി പുളിച്ചമാക്കത്തൊട്ടിയിലച്ചൻ, സാജു കുത്തോടിപുത്തൻപുരയിലച്ചൻ എന്നിവർ രാവിലെ 6.30 ന് ജനറലേറ്റ് ചാപ്പലിൽ ദിവ്യബലിയർപ്പിച്ച് പ്രാർത്ഥിച്ചു.
- തുടർന്ന് ബ. ജനറാളച്ചനും മറ്റച്ചന്മാരും ആലുവാ ലിറ്റിൽ ഫ്ളവർ സെമിനാരിയുടെ പുതിയ അക്കാദമിക് ബ്ലോക്കിന്റെ ആശീർവ്വാദ കർമ്മങ്ങളിൽ പങ്കെടുത്തു. അതേ ദിവസം തന്നെ ജനുവരി 13 സായാഹ്നം മുതൽ 18 വരെ സഭയിലെ അച്ചൻമാർക്കുള്ള വാർഷിക ധ്യാനം ജനറലേറ്റിൽ ആരംഭിച്ചു.
- ജനുവരി 18-ാം തീയതി ന്യൂയോർക്കിലെ അൽബാണി രൂപതയിൽ നിന്നും ബ. വൈദികരായ ഫാ. ബ്രിയാൽ, ഫാ. സ്കോട്ട് വാൽഡെർവീൽ എന്നിവർ ജനറലേറ്റിൽ എത്തിച്ചേർന്നു.
- ജനുവരി 21-ാം തീയതി ബ. ബോനിഫസ് മനയത്തുമാരിയച്ചന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലിയാഘോഷങ്ങലിൽ പങ്കു

ചേരുന്നതിനായി ജനറലേറ്റിൽ നിന്നും ബ. അച്ചൻമാർ പൈണ്ടോട്ടൂർ സെന്റ് ആന്റണീസ് ഫൊറോന പള്ളിയിൽ പോയി.

- ❖ ഫെബ്രുവരി 9-ാം തീയതി സഭാസ്ഥാപകനായ ബ. ബസീലിയൂസ് പാണാട്ടച്ചന്റെ 100-ാമത്തെ പൗരോഹിത്യ വാർഷികവും, 128-ാമത്തെ ജന്മദിനാഘോഷങ്ങളിലും പങ്കെടുക്കാൻ ഇവിടെ നിന്നും ബ. ജനറാളച്ചനും മറ്റച്ചൻമാരും മൂക്കന്നൂർ ബേസിൽ ഭവനിൽ പോയി
- ❖ ഫെബ്രുവരി 10-ാം തീയതി സന്യാസ സമർപ്പണ ജീവിതത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന ബ. വൈദികരായ ജോർജ്ജ് ആറാംചേരിയച്ചൻ, അഗസ്റ്റിൻ വരകിലച്ചൻ, ജോസ് പ്രകാശ് മണ്ണോരെട്ടൊന്നിലച്ചൻ ജനറലേറ്റ് ചാപ്പലിൽ വച്ച് രാവിലെ 6.30 ന് കൃതജ്ഞതാബലി അർപ്പിക്കുകയുണ്ടായി.
- ❖ ഫെബ്രുവരി 15-ാം തീയതി ഘാനയിൽ നിന്നും SSTLF സഭാംഗമായ ബ. ഫാ. പോൾ കൺയിർകാലാ ജനറലേറ്റിൽ എത്തിച്ചേർന്നു.
- ❖ ഫെബ്രുവരി 16-ാം തീയതി കോഴിക്കോട് സെന്റ് തോമസ് പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടന്ന പ്രൊവിൻസിന്റെ രജതജൂബിലിയാഘോഷങ്ങളിൽ ഇവിടെ നിന്നും ബ. അച്ചന്മാർ പങ്കെടുത്തു.
- ❖ ഫെബ്രുവരി 17-ാം തീയതി ബ. ജോസ് മഞ്ഞിയിലച്ചന്റെ ജന്മദിനം ആഘോഷിച്ചു.
- ❖ ഫെബ്രുവരി 18-ാം തീയതി രാവിലെ ജർമ്മനിയിൽ നിന്നും രണ്ട് ഉപകാരികളായ 'ഹെർലുഡ്ഗർ ഗൗസ്ലിങ്ങ്', 'ഹെർ ഒലിവർ ക്രോണെ' എന്നിവർ ജനറലേറ്റ് സന്ദർശിച്ചു.
- ❖ ഫെബ്രുവരി 24-ാം തീയതി ബ. ഫെബിൻ പുതുമനയച്ചൻ ടാൻസാനിയായിൽ നിന്നും ചികിത്സയ്ക്കായി ജനറലേറ്റിൽ എത്തിച്ചേർന്നു.
- ❖ ഫെബ്രുവരി 27, 28 തീയതികളിലായി ഫോർമേഷൻ കൗൺസിലേഴ്സിന്റെ മീറ്റിങ്ങ് ജനറലേറ്റിൽ വച്ച് നടത്തപ്പെട്ടു. മോൺട്ഫോർട്ട് സഭാംഗമായ ഫാ. പീറ്റർ മസാകരെൻഹാസ് മീറ്റിങ്ങിന് നേതൃത്വം നൽകി. ഇതിൽ സഭാംഗങ്ങളായ 16 വൈദികർ പങ്കെടുത്തു.
- ❖ മാർച്ച് 3-ാം തീയതി "ലിറ്റിൽ ഫ്ളവർ ജനറലേറ്റ് എജ്യുക്കേഷണൽ & ചാരിറ്റബിൾ ട്രസ്റ്റ്" ന്റെ ബോർഡ് മീറ്റിങ്ങ് ജനറലേറ്റിൽ നടത്തപ്പെട്ടു.
- ❖ മാർച്ച് 4-ാം തീയതി ബ. ജെയിംസ് പുറത്തയിലച്ചൻ ഗോരഖ്പൂർ, നേപ്പാൾ മിഷൻ സന്ദർശനത്തിനായി ജനറലേറ്റിൽ നിന്നും പുറപ്പെട്ടു.

- മാർച്ച് 5-ാം തീയതി നോമ്പ് കാലത്തിനൊരുക്കമായുള്ള വചന സന്ദേശം ബ. തോമസ് പെരേപ്പാടനച്ചൻ ജനറലേറ്റ് ചാപ്പലിൽ നൽകി.
- മാർച്ച് 15-ാം തീയതി അവധിക്കായി നാട്ടിലെത്തിയ ബ. ജോസ് പാനികുളങ്ങരയച്ചൻ ടാൻസാനിയായിലേക്ക് മടങ്ങിപ്പോയി.
- മാർച്ച് 19-ാം തീയതി വി. ഔസേപ്പിതാവിന്റെ നാമധാരികളായ ബ. ജോസ് മഞ്ഞിയിലച്ചനും, ബ. ജോസ് പോൾ തോട്ടുമാരിക്കലച്ചനും, ബ. ജോസഫ് മുണ്ടുപറമ്പിലച്ചനും ജനറലേറ്റിൽ വച്ച് നാമഹേതുക തിരുനാൾ ആഘോഷിച്ചു. അതേ ദിവസം തന്നെ ആലുവാ SWTS ഓഡിറ്റോറിയം ഹാളിൽ വച്ച് നടന്ന സെന്റ് ജോസഫ്സ് പ്രൊവിൻസിന്റെ രജതജൂബിലി ആഘോഷങ്ങളിൽ ബ. ജനറാളച്ചനും മറ്റച്ചന്മാരും പങ്കെടുത്തു.
- മാർച്ച് 22-ാം തീയതി തന്റെ പഠനത്തിനുശേഷം നാട്ടിലെത്തിയ ജിജോഇൻഡിപറമ്പിലച്ചൻ ജനറലേറ്റ് സന്ദർശിച്ചു.
- മാർച്ച് 26, 27, 28 തീയതികളിലായി കോയമ്പത്തൂര് KKID സെന്ററിൽ വച്ച് നടത്തിയ 'Theory of change' ട്രെയ്നിംങ്ങ് കോഴ്സിൽ ബ. ജനറാളച്ചൻ പങ്കെടുത്തു.
- മാർച്ച് 26-ാം തീയതി തോമസ് ആഞ്ഞിലിവേലിയച്ചന്റെ ജന്മദിനം ജനറലേറ്റിൽ ആഘോഷിച്ചു.
- മാർച്ച് 29-ാം തീയതി ബ. ആന്റണി കണ്ണമ്പിള്ളിയച്ചന്റെ ജന്മദിനം ആഘോഷിച്ചു.
- മാർച്ച് 31-ാം തീയതി 10 വർഷത്തെ തന്റെ സ്തുത്യർഹമായ സേവനത്തിനു ശേഷം ജനറലേറ്റിൽ നിന്നും വേലൂർ ലിസ്യൂ ആശ്രമത്തിലേക്ക് സുപ്പീരിയറായി മാറിപ്പോകുന്ന ബ. പ്രസാദ് കുരിശുങ്കലച്ചന് ആഘോഷകരമായ ഒരു Send off നൽകി. വൈകീട്ട് നിത്യവ്രതത്തിനൊരുക്കയാമുള്ള ഒന്നരമാസത്തെ കോഴ്സിനോടനുബന്ധിച്ച് ബ. ജനറാളച്ചൻ കോതമംഗലം ലിറ്റിൽ ഫ്ളവർ സെമിനാരിയിൽ പോയി.

Reflection:

"CONSULTATION"

Dr. Fr. Jose Manjiyil CST

Consultation is a process which requires **meeting of minds** between the parties involved; in the process of consultation on **the material facts and points** involved, to evolve **a correct or at least satisfactory solution.**

The word 'consultation' occurring in Arts: 233 and 234 of Indian Constitution, means **meaningful, effective** and **conscious** consultation. **Gauhati** High Court V. Kuladhar Phukan, (2002) 4 SCC 524, Para 14.

Consultation is the act of discussing something with somebody or with a group of people before **making a decision about i**t. Acting in consultation, all the departments is involved. For example; the decision was taken after close consultation with local residents.

The word 'consult' as understood in ordinary parlance means to ask or **seek advice** or **the views** of a person on any given subject i.e., **to take counsel** from another; but it does not convey that **the consultant is bound by the advice**. (Constitution of India: Arts 124 (2), 217 (1).

After having taken a decision in mind on a particular issue by the consultant, it is not fair to put the same topic for consultation in a group to arrive at a preplanned decision.

LITTLE FLOWER PROVINCE

GORAKHPUR SAMACHAR

A Short Break

Despites the busy schedule in the schools and mission stations Fathers of our Province went for a picnic to Andaman Niko bar islands just to relax and refresh. And it was really a wonderful time and they enjoyed the days and refreshed themselves.

In the order of Melkizadek

This year our Province was blessed with three Benjamins. Fr. ArunMadathiparambil who was ordained on 2nd of January, Fr. ShijoKochupurakal ordained on 28thDecember. Fr. BibinThekkanal ordained on 29th December came to the province in the in the first week of February. The whole Province enchanted to celebrate the New Priest Dayon 6th of February 2019. Most of the Fathers and Sisters from neighbouring mission stations participated in the Mass and took part in our joy. We were also blessed with the presence of Most Rev. Bishop Thomas Thuruthimattom CST on that day

Memories never die

We commemorated the 3rd death anniversary of Rev.Fr. Theophane Kilianthra CST, the first priest ordained in the Little Flower Congregation on 21st March 2019 at St. Joseph Cathedral church Gorakhpur. All the Fathers from different ashrams took part in the Holy mass. The same day we had our Priest meeting at Little Flower Provincial House. And after the meeting the Provincial congratulated of Fr. JohnyPuthupally CST and Bro. Abin Panamthottam who were celebrating their birthday. We also said good bye and Best wishes to all the Regents also on the same day. Bro. Abin thanked all the Fathers for the support and guidance for the last year.

Birthday Babies

It was a time of thanks and praises to the Almighty for the gift of life to Rev. Frs. JojoVadakkel and JobyMamalassery. In March, on 11th and 18th respectively we wished them all the blessings on their Birthdays.

Mountain Experience

A time to look back and evaluate each one's life, our Regents had a recollection at MithauraAshram guided by Rev. Frs. Savio CST and Tomcy CST. It was really a good time to each one of us to leave aside all our busy schedule and find time with the Lord and just examine our call and life. We came back from there with refreshed heart and mind.

Arrival of Philosophers

The Province was blessed to have the presence and services of our brothers who are studying philosophy in LFS seminary Aluva. They came here to spend their vacation more meaningfully in the mission atmosphere of the Province. 1st and 2nd year Philosophers arrived here on 22nd of March and soon they were sent to different mission stations. They will be here till the 2nd of May.

Departure of regents

Nine Regents of LFS Province successfully completed their regency in their respective places and they proved their talents in handling the things and situations with extreme care and love. The LFS Province is happy and proud about them that they may do greater things in the future. All the best to you ahead! All the blessings and prayers for your final vows.

SAHIHI YA MUNGU
(SIGNATURE OF GOD)

Dear Fathers and brothers,

Greetings and prayers from the African Mission!

With immense joy we would like to state that we all are happy and doing good in the vineyard of God in Africa by the providence and grace of God. We experience the presence of God amidst us. We are blessed in different ways these three months.

Little Flower Mission House Lihwena

Another step of Development

The registration of the land in Dodoma got done and now we can have our own establishments in the land. And we bought another piece of land adjacent to our proposed plot for the school building.

New Milestone

It is a great blessing from the Almighty God! Another milestone in the history of Little Flower African Mission that we could lay the foundation of the Proposed Little Flower School at Nzinje, Dodoma on January 8th 2019. The foundation stone was blessed and laid by Fr. Jose Panikulangara, Mission Superior of African Mission at the presence of CST fathers, fathers and sisters from different congregations, well wishers and parishners. We hope the construction would finish by this year and will be able to start the kindergarten by next academic year. The village Nzinje is situated almost 15 km from the city centre and we hope the school can provide a quality education for the children around the village.

Holidays

Fr. Sony and Fr. Jose went for their holidays in India and reached back to the mission.

A Short Break

Fr. Febin Puthumana went to India for his holidays and treatment. Hopefully he will join us back in May with full vigour and enthusiasm.

How can I help you?

Fr. John went to Kenya for a month to help Fr. Vipin in Kenya during the holidays of Fr. Sony and again went to Dodoma to help Fr. Babychan as Fr. Febin left for India for his holidays and treatment. We really appreciate Fr. John's readiness to go and help our fathers in their need.

St. Elisabeth Church, Subira
Popular Mission Retreat

One week Popular Mission retreat was arranged in the parish and was guided by VC Fathers. It enkindled a new spirit in the mind of the people and the number of faithful coming to church started increasing.

New Leaders

New family unit leaders are elected in the months of February and March and new leaders in full spirit to do works in cooperation with Parish Priests.

School Mass

We go every week to the nearby schools for celebrating Holy Mass and for the sacrament of Confession. It brings new energy in the lives of children.

St. Gabriel Archangel Church, Mbagala Kuu, Dar es Salaam

1. **Sunday Catechism**

As per the usual custom of the parishes here in Tanzania our students were getting only two years of catechetical formation in the parishes (for First Holy Communion and Confirmation). So there was a huge possibility of losing children from the faith and church. So this year we have started Sunday Catechism in our parish. Though it is new to

them most of the parents they have responded positively and in the coming future it will bring a great change.

2. Seminar for Primary School Students

Preparing children for the Sunday Catechism we arranged a one day seminar for all the Primary School Students. Many students participated in the seminar.

3. Seminar for Catechism Teachers

Preparing teachers for the Sunday Catechism we arranged a seminar for the teachers. There are 24 catechism teachers who are willing to form our younger generation.

4. Youth seminar

We conducted two youth seminars in the parish. Many youth participated. Former Prime Minister of Tanzania also addressed our youth in the seminar.

5. Inauguration of TYCS

TYCS is Tanzania Young Catholic Students. They are students from different Secondary Schools and Colleges. We have started a branch of TYCS in the Secondary School in our parish.

6. Medical Treatment

Fr. Febin Puthumana was there in our parish for treatment for two weeks. After that he went to India for better treatment.

7. Home Vacation

Fr. Jose Panikulangara went for home vacation for one month and came back with new energy and enthusiasm.

Little Flower Church Nzinje, Dodoma

Exposure program

In the month of January our parish is blessed with the presence of CMC sisters and the novices for their exposure program. They were with us for almost one month and visited all the families. It was a thrilling and great experience for our parishioners.

Short visit to Kenya

Fr. Sebastian Tholanickal went to Kenya to assist Fr. Vipin in the absence of Fr. Sony.

Get soon well

Fr Febin Puthumana went to India for his further treatment. Wishing him all the best and prayers for his speedy recovery!

Karibu Sana (Hearty Welcome)

With immense happiness and joy we welcomed Fr. John Kadaliyil CST who has come to our parish to help in the absence of Fr. Febin.

Seminar for children

In the month of March we have conducted a small seminar for our children. It was a grand success, almost two hundred children participated in it.

St. Peter and Paul Church Kaongo, Meru

- We thank Fr. John Kadaliyil and Fr Babychan for their service in the parish of Kaongo during the holidays of Fr. Sony.
- For the spiritual growth and guidance of the faithful in kaongo parish we have started Prayer Day on every third Saturday of the month under the guidance and leadership of Fr. Vipin. The participation, support and cooperation of the people on the prayer days are unbelievable. Even Christians from other parishes are coming to pray.
- In preparation for Easter Holy Wednesday is observed as prayer day in the parish.
- The construction of the priest house at kaongo will be resumed soon with the financial support of the people and well wishers.
- Fr. Vipin is appointed as the chaplain of the Catholic Charismatic Renewal in the Denary.

With joy filled heart we the African Missionaries wishing you all Happy Easter and May the resurrected Christ bless our days with peace and Joy. We hope and pray that many zealous missionaries join our mission and let's together actualise the ***African Dream*** of our Congregation.

ഒരു പതിറ്റാണ്ടുകാലത്തെ സേവന സാന്നിദ്ധ്യത്തിനു ശേഷം തൃക്കാക്കരയോടു വിടപറഞ്ഞ് വേലൂർ ആശ്രമത്തിന്റെ സുപ്പീരിയർ സ്ഥാനം ഏറ്റെടുക്കുന്ന ഫാദർ പ്രസാദ് കുരിശുങ്കൽ

അക്ഷരങ്ങളുടെ ലോകം അറിവിന്റെ ലോകമാണ്. അക്ഷരങ്ങൾക്കും അറിവിനും ആവിഷ്കാരം കൊടുക്കുവാൻ അച്ചടിയന്ത്രം പ്രവർത്തിയ്ക്കുമ്പോൾ അവിടെ ''വർദ്ധിപ്പിയ്ക്കലിന്റെ'' അത്ഭുതം നടക്കും. ഈശോ അഞ്ചപ്പം കൊണ്ട് അയ്യായിരം പേരെ അത്ഭുതകരമായി പോറ്റിയതിന്റെ ഓർമ്മ ഉണർത്തുന്ന ചിന്തകളും ഇവിടെ ഉരുത്തിരിയുന്നു. പ്രസിദ്ധീകൃതമാകുന്ന നല്ല ചിന്തകൾ "ചൂടപ്പം" പോലെയാണ്.

അക്ഷരങ്ങൾക്കും ആശയങ്ങൾക്കും നിറവും ആവിഷ്കാരവും പകരുന്ന അച്ചടിശാലയിൽ പത്തുവർഷം നിറഞ്ഞു നിന്ന സാന്നിദ്ധ്യമായിരുന്നു പ്രസാദച്ചന്റേത്.

2009 മെയ് മാസം മുതൽ 2019 മാർച്ച് മാസാവസാനം വരെ അനേകരുമായി ബന്ധപ്പെട്ടും അനേകരെ ബന്ധിപ്പിച്ചും ബന്ധങ്ങളുടെ ലോകം വിശാലമാക്കിയ പ്രസാദച്ചൻ ലിറ്റിൽ ഫ്ളവർ പ്രിന്റിംഗ് പ്രസ്സിനെ സഭയുടേയും ചുറ്റുമുള്ള സമൂഹത്തിന്റെയും ജിഹ്വയാക്കി മാറ്റി. ജനറലേറ്റിനും ബന്ധപ്പെട്ട സ്ഥാപനങ്ങൾക്കും വേണ്ടി അദ്ദേഹം പ്രസ്സിനെ സേവനനിരതയാക്കി.

2009 മുതൽ 2015 വരെ ജനറൽ അഡ്മിനിസ്ട്രേഷന്റെ ഭാഗമായി സാമൂഹിക - സമ്പർക്ക മേഖലകളിൽ നിറസാന്നിദ്ധ്യമായിരുന്ന പ്രസാദച്ചൻ ഒരു വർഷത്തിലധികം ബസീലിയൂസ് ബോയ്സ് ഹോമിന്റെയും ഡയറക്ടറായി സേവനമനുഷ്ഠിച്ചു.

തൃക്കാക്കര കേന്ദ്രമാക്കി പ്രവത്തിച്ചിരുന്ന എക്യുമെനിയ്ക്കൽ സൊസൈറ്റിയുടെ സജീവ പ്രവർത്തകനും മൂന്നു വർഷം അതിന്റെ സാരഥിയുമായിരുന്നു പ്രസാദച്ചൻ.

''ജീസസ് യൂത്തി''ന്റെ അംഗമെന്ന നിലയിലും സഹയാത്രികനെന്ന നിലയിലും യുവജനങ്ങളെ സഭയോടടുപ്പിയ്ക്കുവാനും സഭയ്ക്കു യുവത്വം പകരുവാനുമുള്ള യത്നത്തിൽ അച്ചന്റെ പങ്ക് ശ്ലാഘനീയമായിരുന്നു. ആത്മീയ പരിപാലനയിൽ ചുറ്റുപാടുമുള്ള നിരവധി ഇടവകകളിൽ നിറസാന്നിദ്ധ്യമായിരുന്നു.

ജനറലേറ്റു സമൂഹത്തിൽ നിന്നും രോഗീ പരിചരണത്തിനുള്ള നല്ല ശമറായക്കാരന്റെ ''റോൾ'' എല്ലാം മറന്ന് ഏറ്റെടുത്തിരുന്ന ഈ ''പ്രസാദാത്മക'' സാന്നിദ്ധ്യം ജനറലേറ്റിന് കരുണയുടെ മുഖഭാവം പകരുവാൻ അദ്ദേഹം സഹായിച്ചു.

ജനറലേറ്റു സമൂഹവും ബസീലിയൂസ് ബോയ്സ് ഹോമും ലിറ്റിൽ ഫ്ളവർ പ്രിന്റിംഗ് പ്രസ് പ്രവർത്തകരും വേലൂർ ലിസ്യൂ ആശ്രമത്തിന്റെ സുപ്പീരിയർ ആയി സ്ഥാനമേറ്റ് ഇവിടെ നിന്നും പോകുന്ന പ്രസാദച്ചന് ഹൃദയംഗമമായ നന്ദിയർപ്പിക്കുകയും അനുഗ്രഹാശംസകൾ നേരുകയും ചെയ്യുന്നു.

'ഒലിവിന്റെ' ഒരു ശാഖ അച്ചന്റെ കൈകളിൽ ഏൽപ്പിച്ചുകൊണ്ട്
ഒലിവ് എഡിറ്റോറിയൽ ബോർഡ്

Aluva Tidings

GOD'S OWN WORKFORCE

The problem of migrant laborers in God's own country is a silent topic of discussion in recent times. Though they work as God's own workforce, they are least concerned by us. A philosophical colloquium was held on March 1st at 10.30 am in Fr. Emmanuel Arcakthottam Auditorium by second year philosophers on 'God's own workforce: A Philosophical enquiry into the problem of migrant laborers in Kerala.' It presented the social situations of migrant laborers and their living conditions in our state. It began with a philosophical input session of Fr. Dr. Jojo Varakukalayil, the President of the Institute, followed by the presentation of the second years. As a culmination of the program an input session was given by Fr. Shin Kallungal SJ, the Director of Jeevika Social Service Center. It was definitely an eye-opening event for all of us.

Requiem in Pacem

Rev. Fr Savio Peechatt CST was called for his eternal reward on 4th January 2019. His funeral was on 6th January. The funeral function began at Mudickal seminary at 9:30 am. The Fathers, Brothers and relatives of Father Savio were present. The first part of the funeral ceremony was led by the rector of the Minor seminary Rev. Fr John Kappiarumalayil CST. Fathers and Bishops from different dioceses took part in the funeral service. By 1:30pm the second part of the burial ceremony was conducted by very Rev. Fr George Alukka CST the Provincial Superior of Kristu Jyoti province. The Holy Mass was offered in honor of Fr. Savio, by His Excellency Very Rev. Thomas Thuruttimattam the Bishop of Gorakhpur. Superiors from different congregations and rectors from different seminaries took part in the funeral service. The body was brought to Little Flower Major Seminary, Aluva. It was received by Fr Rector and community. The final rites were conducted by His Excellency Bishop Dominic Kokkat CST. He shared his evergreen memories with Fr Savio Peechatt. He remembered Fr. Savio as a man of smile.

At 6:00pm the funeral service got over. Fr. Savio rests close to the holy altar of God where he served his whole life.

Fr. Baselious Memorial Basketball Tournament - 2019

Vigor and vitality was blowing in the LFS atmosphere as we hosted the second Baselious memorial basketball tournament from 28th of January to 1st of February. The campus and the ground became yet another battle field as many of the major seminaries in Kerala fought with each other in the tournament. We the hosts had two teams LFS A and LFS B. Both the teams performed impressively well that we all felt proud of being an inmate at LFS. After lots of warfare our A team claimed the ever rolling trophy yet for another time while the B team reached the 3rd place. Hearty congratulations to our 'Manjapada.' Fr Antony Kannampally the Vicar General inaugurated the tournament on 28th Jan and Fr Tomy Alumkalkarrotu the provincial gave away the trophies on the last day. We thank and congratulate all the teams participated and the father and brother in charges for their timely management which brought the tournament a perfect finishing.

Nava Kerala 2018-19

On regarding the remembrance of the establishment of the Constitution of India and the anniversary of the Literary and Cultural Academy of the year our seminary together with the Pratibha Youth Forum conducted a cultural event called Nava Kerala 2019 on January 27th at Fr Emmanuel Arackathottam auditorium. The Chief Guest of the ceremony was popular Malayalam Cine actress Ms. Miya George. The cultural ceremony commenced at 5:30pm with the inaugural function and kindling the lamp ceremony achieved a great success by its enormous audience. The opening of the stage was creatively articulated by second year philosophers. First year philosophers presented a social relevant skit which is connected with biblical message. And the third years came to stage with UV Court Smash. Besides these programs from the Little Flower Seminary, Carmel college of nursing, Samaritan college of nursing and Pratibha Youth Forum also appeared on the stage with its variety entertainments. Programs were over at 8:45pm with the national

anthem. We gratefully remember Fr. Rector, in charges, staff and students of the LFS seminary for their selfless cooperation for this successful event.

KOODE - 2K19

The month of January was blessed with varieties of events in LF seminary. 30th and 31st of January were made the most memorable and loveable days for 2nd years as well as Little Flower Major Seminary. Once again we experienced the feeling of 'Home Sweet Home'. These two days was specially set apart for the parents of 2nd year brothers and the event was meaningfully called – Koode 2K19.

Parents are trees that give us shelter, love, concern and everything that we need in our life. So, we were very eager to receive them. By 4:00pm all parents reached and soon after, there was a photo session together with family members. After having a cup of tea by 5:30pm all of us gathered in the auditorium for an interactive session with the staff members. They introduced themselves and by 6:30pm we reached chapel for the prayer session conducted by the 3rd year brothers. The dinner was a delicious candle light dinner. Then it was the turn of second year brothers to open their caliber before their parents and they performed a marvelous stage show including the program of parents. At 11:00 pm we went to sleep.

The new day of 31st began with a solemn Holy Mass celebrated by Fr Rector. Thereafter, we gathered in the basketball court for the breakfast. By 9.00am we gathered in the auditorium for a one-hour lecture by Rev Fr Vincent Kundukulam a diocesan priest of the Archdiocese of Trissur and a professor at Mangalapuzha Pontifical Seminary. He spoke about the role of parents in priestly formation. He clearly established that parents are inevitable examples for the priestly candidates from childhood onwards. They are influenced by them. In a sense, home is the first formation house. We were lucky to get such an experienced preacher and we enjoyed the class together with parents.

Finally, there was an interactive session with parents and in between we met Fr Rector and Fr animators. Soon after the lunch all the parents left for their houses. Those two days brought the memories of our sweet homes and sense of belonging to the seminary. Thank you dear parents from the bottom of our hearts!

NEW BEGINNING OF A POWER HOUSE OF LEARNING

You are the light of the world, a city built on hill cannot be hid. Let your light shine before others so that they may see your good works and give glory to your father in heaven. (Mt 5: 17)

On January 13th, a knowledge city began spreading its rays of wisdom and light, when Little Flower Institute of Philosophy and Religion, added another feather to its crown. The day was blissful, and joyful as Little Flower Institute of Philosophy and Religion, marked a new era in history with golden ink. It was a matter of joy and pride for Little Flower major seminary, LF congregation, Syro-Malabar Church, the whole Catholic Church, when His Beatitude Moran Mor Baselius Cleemis, head of Syro-Malankara church inaugurated and blessed the newly constructed Academic building of LIPAR on Jan 13, 2019, officiating prayers in Syro – Malankara rite in the presence of Mar. Thomas Thururthimattam CST, Bishop of Gorakhpur, Very Rev. Fr. Francis Kilivallickal CST. Superior General, LF Congregation, General Councilors, Provincial Superiors, Rev. Fathers, Rev. Sisters, brothers along with the invitees and well-wishers. The Institute shall remain the pride and light of the church, where future priests will be intellectually and spiritually grown up to lead the flock of Christ. We also gratefully remember the benevolent support for the successful completion of the building both financially and spiritually by various benefactors.

New Priest Day

Priest's day was an unforgettable moment for both the fifteen new priests and for the LFS community. When we all gathered around at the Eucharistic table of our Lord Jesus Christ it was an extraordinary experience for the new priests because it was the day and the place where they waited about six to eight years ago, when

they all stood before this altar and dreamed to be at this altar. 8th January 2019 aided them to fulfill their dream. At the same time for us, the students of philosophy also it was an unforgettable as well as inspirational day. We have a great zeal and desire to be like them to stand at the altar of Lord. We had the Holy Mass in the morning and Fr Arun Madattiparambil was the main celebrant. Followed by the Holy Mass we had a sumptuous breakfast during which Fr Rector congratulated and welcomed new priests all with flowers and expressed our joy by cutting a cake. We had a friendly Basketball match between the new priest team and LFS team at 3:00pm. The new priest team was defeated. Hearty congratulations and Best Wishes for their future ministry!

KOOTU 2K 19

HEARTY FAREWELL DEAR THIRD YEARS….

"Love knows not its depth until the hour of separation". These words were blowing in the LFS campus, when we bid adieu to our beloved 3rd years. They had been here for the last 3 years breathing the smell of philosophy. The farewell gathering named Kootu 2019 was held on 2nd of March. Rev Fathers and Brothers spoke, greeting them all the very best for their future. Dear brothers, we thank you for the moments we cherished in LFS and now as we fare well we pray that your life ahead be fruitful. Good bye and all the best, Chettais!

Hearty Congratulations !!!!

REV. FR. TIGI ABRAHAM THANNIYIL CST

was awarded

PH. D IN PHILOSOPHY on 4th APRIL 2019

Topics : PERCEIVING GOD THROUGH EMOTIONS: AN APPLICATION OF WILLIAMALSTON'S EPISTEMOLOGY OF RELIGION

UNIVERSITY: PONTIFICIA UNIVERSITA, REGORIANA, ROME.

MODERATOR: PROF. LOUIS CARUANA SJ

JUBILEE TIDINGS

I can do everything through Christ who gives me strength" (phil;4:13)

" How can I repay the Lord for all His goodness to me?

I will lift up the Cup of Salvation and call on the name of the Lord

I will fulfill my Vows to the Lord in the presence of all His people".(Ps.116,)

I thank and Praise the LORD for what he has done to me. As my heart praises and thanks God for His Mercy and love for the gift of Life, Family and the Vocation to the Little Flower Congregation last 52 years.1967 June 15th I entered the congregation as a candidate and after my Novitiate Ke 1969 May 17th we eleven members professed as CST. Now we are four in our Congregation to celebrate, to thank and praise the Lord.We got chances from last January to Celebrate our Golden Jubilee of our Profession. Rev.Fr.General gave us a chance to celebrate during our Annual retreat at Thrikkakara Generalate with the Participants. But Fr.George Adichilamackel and Fr.John Kadalyil were not present. Again we Fr. Jose Prakash and myself got invitation to celebrate in Little Flower Seminary Aluva. Fr.General again requested us to celebrate for the Generalate Community in our chapel on February 10.

There are special moments in which we were drawn to awe and overwhelmed experiences.They could have come to us through persons,events and Sacraments even in our unconscious minds.I am neither an exceptional nor special, neither the best nor the first,but an ordinary person who is previleged to live and work after my profession. First and foremost one is life under the Rectorship of our Founder Fr. Basilius Panat and his Classes and instructions during our Juniorate. Besides he nursed and fed me while I was sick.

I think I am the only one who got letters during Regency from the founder in our Congregation. He was anxious about my Youth guidance Regency 1975 at Nagpur with YCS/YSM. It was an Unique experience. Our batch got the first regular regiency. Congregation has given me a wonderful chance to make known our congregation all over India .In our programme there were so many Animators training in different places, like Bangalore, Chennai, Hyderabad, Allahabad, Jamshedpur, Jabalpur, Amravati, and Bohpal. Besides I got chances to visit Ambikapur, Chanda ,Vijayawada ,Ujjain, Our Missionaries at Varanasi, Gorakhpur and Ittarsi. Really my regency helped me to discover my Mission and India. Before that I have not seen any place other than my home village, Aluva and Ernakulam. I am very grateful to my superiors for giving such an exposure programme. During this period I got my benefactors Stottrop Spouses Anny and Heinz with whom I was allowed to contact directly and I could influence them to be benefactors of our Congregation. They were friends of our many Fathers, they gave hospitality to CST fathers till 2011 in Germany. They were devotees of Little Flower and supported many of the projects of our Congregation. I am very grateful to them for their love and affection which I cannot forget in my life. They worked with us and served our Congregation till the end of their life. They taught me how to be a real Missionary.

Again I got a chance to do my Theology at Pune Papal Seminary but by the influence of Liberation theology I spent my time in the slums while others were in Library. After the third year theology I got an extraordinary chance to attend one month formators course at NVSC Pune. Such innumrable extraordinary chances I have got to grow and wonder the life. Many of you may remember the Reconciliation process of Junior Clergy in the year 1984 an extra ordinary event of our Congregation. So there are many events to narrate.

In short, I am, what I am because of all my friends, family members, teachers , Benefactors, above all my CST Conferers and

Seminarians. When I look back, I see who I was, who I am ,there are so many who prayed ,worked behind ,before, with and for me so that I reached this stage today. 52 years I have lived in the Congregation, by the Congregation, through the Congregation and for the Congregation. From1967 June 15th onwards till today. CST congregation has nurtured me, fostered me and cared for me.

Here again I sing with the Psalmist,

"The Lord is My Shepherd, I shall not be in want.

He makes me lie down in green pastures,

He leads me beside quiet waters,

He restores my soul.

He guides me in path of righteousness for His name's sake."(Ps 23,2-3)

Lord Jesus, I thank you and praise you for your love, care and forgiveness. How I am blessed Lord for the very special gift you gave to me, the gift of the Vocation to Little Flower Congregation. How fortunate am I to express my love for you ,it is your will and plan of choosing me to be a CST and I am so grateful and thankful to you. Thank you Fathers for My Congregation, for the presence of each individual, they are precious to me –from the founder to the Minor seminarians of today- you sent those people for me and I am grateful for them to you. Specially I remember some of the people who involved very much to foster my Vocation. I cannot forget the late Mr. P.C Abraham(Kunjettan) who directed me through his correspondence. Bishop Dominic Kokkatt was my Vocation promoter who influenced me very much, and on the occasion of my Ordination silver Jubilee he directed me for our CST African Mission and he encouraged and blessed me for the

present apostolic work here in Ghana. Then I am very grateful to Vallichen , our Founder, my batchmates, formators, Superiors and all the Members of the Congregation with whom I lived and interacted. So now I conclude with the words of St.Paul,

"I thank my God for you every time I think of you, and every time I pray for you all, I pray with Joy because of the way in which you have helped me in the(life of the CST) from the very first day until now.

You are always in my heart! And so it is only right for me to feel as I do about you. For you have all shared with me in this privilege that God has given me."(Phil:1,3-5,7)

In my life it is a great joy to me that after so long I got a chance to express that I am privileged to be with you all in our Congregation. May the God who gives us peace be with you!

George P. Aranchery CST.

New Address of Fr. George Aranchery CST

George P. Aranchery CST.
Ave Maria Formation House. SSTLF
P.O. Box. 579. U/ W/ R, WA
Ghana, West Africa.
Tel: + 233 542173585, +233 509467208

തിരുവുത്ഥാന ചിന്തകൾ

ഡോ.എബി കൊററനല്ലൂർ സി.എസ്.ടി

ആമുഖം

ജീൻ പോൾ സാർത്രിന്റെ (1905-1980) "No Exit" എന്ന ഭാവനയിലൂന്നിയ കഥ അതിന്റെ ആഖ്യാന ശൈലികൊണ്ട് ശ്രദ്ധേയമാണ്. മനുഷ്യ ജീവിതത്തിന്റെ നിരർത്ഥകതയും ശൂന്യതയും വായനക്കാരിൽ ജനിപ്പിക്കുന്ന രീതിയിലുള്ള ഒരു അനുഭവതലം അതിന്റെ ഭാവ മൂർച്ഛയോടെ ഈ കഥ വെളിപ്പെടുത്തുന്നു.

ഒരിക്കൽ ഒരു വിചിത്രമുറിയിൽ മൂന്ന് വ്യക്തികൾ കുടുങ്ങി. അവർ അവിടെ എങ്ങനെ എത്തിയെന്ന് അവർക്ക് നിശ്ചയമില്ല. ഒരു നിയോഗംപോലെ അവരെത്തി. തങ്ങളുടെ പ്രതിബിംബങ്ങൾ അനന്തമായി പ്രതിഫലിക്കുന്ന കണ്ണാടികൾകൊണ്ട് നിർമ്മിക്കപ്പെട്ട ചതുരാകൃതി യിലുള്ള മുറിയായിരുന്നു അത്. മുറിയുടെ നാലു വശത്തേയ്ക്കും നോക്കിയ അവർക്ക് തങ്ങളുടെ പ്രതിച്ഛായയല്ലാതെ മറ്റൊന്നും കാണാൻ സാധിച്ചില്ല. ഈ മുറിയിലകപ്പെടുന്നവർക്ക് തങ്ങളുടെ ഭൂതകാലം ഓർത്തെടുക്കാൻ കഴിയും. എന്നാൽ ഭൂതകാലത്തിൽ നിന്നും പാഠമുൾക്കൊണ്ട് വർത്തമാന കാലത്തിലെ ജീവിതത്തിൽ മാററങ്ങൾ വരുത്തുവാൻ കഴിയുന്നുമില്ല.

ഇതിനിടെ മറ്റൊരു സത്യം അവർ ഞെട്ടലോടെ തിരിച്ചറിഞ്ഞു. ഒരിക്കൽ പെട്ടുകഴിഞ്ഞാൽ ഈ മുറിയിൽ നിന്നും തനിയെ പുറത്തുകടക്കാൻ കഴിയില്ല. എലിക്കെണിക്ക് തുല്ല്യം. പുറത്തു കടക്കണമെങ്കിൽ ആരെങ്കിലും പുറത്ത് നിന്ന് വാതിൽ തുറക്കണം. പുറത്തുവരാൻ ചില ശ്രമങ്ങൾ അവർ നടത്തിയെങ്കിലും അവരുടെ ശ്രമം വിഫലമായി. വീണ്ടും ഇരുന്നും, കിടന്നും അവർ ആ മുറിയിൽ ചുററിക്കറങ്ങി.

മനുഷ്യ ജീവിതത്തിന്റെ അർത്ഥവും ആഴവും അന്വേഷിക്കുന്ന മനുഷ്യന്റെ കഥയാണിത്. തന്റെ സ്വത്വത്തിനും ശരീരത്തിനുമേറ്റ ഒരിക്കലും ഉണങ്ങാത്ത മുറിവുകളുടെ കഥയാണിത്. മനുഷ്യജീവിത സമസ്യകളിൽ കാലിടറി നിരാശയുടെ ആഴങ്ങളിലേയ്ക്ക് നിപതിക്കുന്ന സങ്കീർണ്ണമായ ജീവിതചക്രത്തെയാണ് സാർത്ര് ഈ കഥയിലൂടെ ആവിഷ്കരിക്കുക.

അടഞ്ഞുപോയ വാതിലുകൾ തുറക്കാൻ ആരെങ്കിലും വരുന്നതുവരെ മുറിയിൽ കുടുങ്ങിയവർ തൽസ്ഥിതിയിൽ തുടരണം. മുദ്രവച്ച് അടയ്ക്കപ്പെട്ട കല്ലറയും യഹൂദരെ ഭയന്ന് അടച്ചിട്ട കതകുകൾക്ക്

പുറകിൽ മരവിച്ച ശരീരവും മനസ്സുമായി ഒതുങ്ങിക്കൂടിയ ശിഷ്യസമൂഹവും സാർത്രിന്റെ കഥയിലെ കണ്ണാടിയറയ്ക്കുള്ളിൽ കുടുങ്ങിയ മൂവർ സംഘത്തെ ഓർമ്മിപ്പിക്കുന്നു. എന്നാൽ സ്വർഗ്ഗത്തിൽ നിന്നും ദൈവമിറങ്ങി കല്ലറയ്ക്കു മുന്നിലെ കല്ലുരുട്ടി മാറ്റി. ഉത്ഥാനത്തിന്റെ പൊൻപ്രഭയിൽ അടഞ്ഞുപോയ വാതിലുകളിൽ ഉത്ഥിതൻ മുട്ടിവിളിച്ചപ്പോൾ ശിഷ്യരുടെ ജീവിതത്തിന് ഊർജ്ജവും ഊറ്റവും കൈവന്നു. ''ഭൂമിക്കേറ്റ ഏററവും മാരകമായ മുറിവ്'' എന്നാണ് ക്രിസ്തുവിന്റെ കല്ലറയെപ്പററി മഹാനായ ബിഷപ്പ് ഫുൾട്ടൻ ജെ. ഷീൻ പറഞ്ഞത്. പക്ഷേ ഈ മുറിവിൽ നിന്നുമാണ് ജീവന്റെ അമൃതനദി അണ പിളർന്ന് ഒഴുകിയത്. യേശുവിന്റെ പുനരുത്ഥാനം മനുഷ്യവംശത്തിന് പിതാവായ ദൈവം നൽകിയ അമൃതാണ്. ഈസ്റ്ററിന്റെ സന്ദേശം അമർത്യതയുടെ ഔഷധമായ പുനരുത്ഥാനത്തിന്റെ അമൃതാണ്.

മരണവും മനുഷ്യനും

മരണമില്ലാത്ത മനുഷ്യൻ മാനവരാശിയുടെ ചിരകാല സ്വപ്നമാണ്. ഹൈന്ദവ പുരാണത്തിലെ പാലാഴി കടഞ്ഞെടുത്ത് അമൃത് കരസ്ഥമാക്കുന്ന ദേവൻമാരുടെയും അസുരരുടെയും കഥ മനുഷ്യന്റെ ചിരംജീവിയാകുവാനുള്ള മോഹത്തിന്റെയും മോഹഭംഗത്തിന്റെയും കഥയാണ്. എല്ലാ ശാസ്ത്ര -സാങ്കേതിക വിദ്യകളുടെയും തിരുമുററത്ത് മരണം ഇന്നും ക്ഷണിക്കപ്പെടാതെ കടന്നു വരുന്നുണ്ട്. മനുഷ്യൻ മരണോന്മുഖസത്തതന്നെ. സംശയമില്ല. എന്നാൽ മരിച്ചവരിൽ നിന്നുള്ള ഉയിർപ്പുവഴി യേശുക്രിസ്തു മരണത്തെ എന്നേക്കും പരാജയപ്പെടുത്തി. യേശുവിന്റെ ശൂന്യമായ കല്ലറ മരണത്തിന്റെ ജയഭേരിക്കു മുന്നിൽ ലജ്ജിച്ചു. ഞാനാണ് പുനരുത്ഥാനവും ജീവനും എന്നു പഠിപ്പിച്ചു യേശു സുവിശേഷങ്ങളിൽ മൂന്ന് വ്യക്തികളെ ഉയർപ്പിച്ചതായി നമ്മൾ വായിക്കുന്നു (മത്ത 9:18–26; ലൂക്കാ 7:11–17; യോഹ 11:17–44).

ഉയിർപ്പെന്ന മഹാ അത്ഭുതം

തന്റെ പരസ്യ ജീവിതത്തിൽ അനേകം അത്ഭുതങ്ങൾ യേശു പ്രവർത്തി ച്ചെങ്കിലും തന്റെ പുനരുത്ഥാനമാണ് നിങ്ങൾ ദർശിക്കാൻ പോകുന്ന ഏറ്റവും വലിയ അത്ഭുതമെന്ന് യേശു തന്റെ ശ്രോതാക്കളോട് വ്യംഗ്യേന പറയുന്നുണ്ട്.

ഇവിടെ മനുഷ്യശരീരത്തിന്റെ ദൈവശാസ്ത്രപരമായ വീക്ഷണം എന്താണെന്ന് നമ്മൾ മനസ്സിലാക്കേണ്ടതുണ്ട്. മൂന്ന് അടിസ്ഥാന സത്യങ്ങളിൽ ഉറപ്പിക്കപ്പെട്ട് പടുത്തുയർത്തപ്പെട്ടതാണ് മനുഷ്യ ശരീരത്തെക്കുറിച്ചുള്ള ക്രിസ്തീയ വീക്ഷണം. അവ താഴെ പ്രതിപാദിക്കുന്നു.

1. മനുഷ്യൻ ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവനാണ്.

2. യേശുവിന്റെ മനുഷ്യാവതാരം മനുഷ്യമഹത്വത്തെ പ്രഘോഷിക്കുന്നു.

3. കുരിശിൽ മരിച്ച് അടയ്ക്കപ്പെട്ട ഈശോ മിശിഹായുടെ ശരീരത്തിന്റെ ഉയിർപ്പ്. ഇതിൽ മൂന്നാമത്തെ വീക്ഷണം ഈസ്റ്റർ ദിനത്തിൽ നമ്മൾ ധ്യാനിക്കുന്നു.

യേശുവിന്റെ ഉത്ഥാനം മനുഷ്യശരീരത്തിന്റെ മഹത്വം പ്രഘോഷിക്കുന്നു

യേശുവിന്റെ ഉയിർപ്പിനെ ദൈവശാസ്ത്രപരമായി വിലയിരുത്തുമ്പോൾ അത് പുനർജീവിതമല്ല, പുനരുത്ഥാനമാണ്. യേശു ഉയർപ്പിച്ച ലാസറിന്റെ മൃതദേഹം പുനർജീവിതത്തിന് വിധേയമായി. എന്നാൽ പുനരുത്ഥാനം സ്ഥലകാലങ്ങളിലേയ്ക്കുള്ള മൃതന്റെ തിരിച്ചു വരവല്ല. സ്ഥലത്തിനും കാലത്തിനും അതീതമായി രൂപാന്തരം പ്രാപിക്കലാണ്. പ്രാപഞ്ചിക തലത്തിൽ നിന്നും ദൈവീകതലത്തിലേക്കുള്ള പ്രവേശനമാണ്. (1 കൊറി 15:35-49) ഉത്ഥാനത്തെക്കുറിച്ച് യേശു നൽകുന്ന പ്രബോധനം ഇങ്ങനെ: പുനരുത്ഥാനത്തിൽ അവർ സ്വർഗ്ഗത്തിലെ ദൂതൻമാരെപ്പോലെ ആയിരിക്കും. ഞാൻ അബ്രാഹത്തിന്റെ ദൈവവും ഇസഹാക്കിന്റെ ദൈവവും യാക്കോബിന്റെ ദൈവവുമാണെന്ന് മരിച്ചവരുടെ പുനരുത്ഥാനത്തെപ്പറ്റി ദൈവം നിങ്ങളോട് അരുൾ ചെയ്തിരിക്കുന്നത് നിങ്ങൾ വായിച്ചിട്ടില്ലേ? അവിടുന്ന് മരിച്ചവരുടെയല്ല ജീവിക്കുന്നവരുടെ ദൈവമാണ് (മത്ത 22:30-32). എന്താണ് ഈ വിശുദ്ധ ഗ്രന്ഥവാക്യത്തിന്റെ പൊരുൾ? പിതാക്കൻമാർ മരിച്ചെങ്കിലും ഇന്നും ജീവിക്കുന്നു. ഇത് ഇസ്രായേലിന്റെ ശക്തമായ വിശ്വാസമാണ്. അവർ ജീവിക്കുന്നെങ്കിൽ ഉത്ഥാനവുമുണ്ട്. ഉത്ഥാനജീവിതം ഉണ്ട് എന്നതിന്റെ തെളിവാണ് പിതാക്കൻമാർ ഇന്നും ജീവിക്കുന്നത്. ഉത്ഥാനത്തിന് കാരണം അവർ അമർത്യരായിരുന്നു എന്നതല്ല. ദൈവം ജീവിക്കുന്നു എന്നതു കൊണ്ടും, ജീവിക്കുന്ന ദൈവമാണ് പിതാക്കൻമാരുടെ ദൈവം എന്നതു കൊണ്ടുമാണ്. പിതാക്കൻമാരുടെ ദൈവമാണ് സൃഷ്ടിയുടെ ദൈവം. ഈ ദൈവം ഉള്ളതുകൊണ്ട് ഉത്ഥാനവുമുണ്ട്. ആയതിനാൽ ദൈവം ജീവിക്കുന്ന - ദൈവമാണെന്നതിന്റെ പരമോന്നത പ്രഖ്യാപനമാണ് യേശുവിന്റെ ഉത്ഥാനം. യേശുവിന്റെ ഉത്ഥാനമെന്ന വലിയ സത്യം ഗ്രഹിച്ചു കൊണ്ടുവേണം മനുഷ്യന്റെ ഉത്ഥാനം മനസ്സിലാക്കേണ്ടത്. ആയതിനാൽ നമ്മുടെ ഉത്ഥാനം ക്രിസ്തുവിന്റെ ഉത്ഥാനത്തിലുള്ള പങ്കുചേരലാണ്.

ക്രിസ്തുവിന്റെ ഉത്ഥാനത്തോടെ മരണം പരാജയപ്പെട്ടു. അത് നിത്യജീവിനിലേയ്ക്കുള്ള കവാടമായി. വി.ലൂക്കായുടെ സുവിശേഷ പ്രകാരം പുനരുത്ഥാനത്തിന്റെ മക്കൾ എന്ന നിലയിൽ അവർ ദൈവദൂതന്മാർക്ക് തുല്യരും ദൈവത്തിന്റെ മക്കളും ആയിരിക്കും (ലൂക്കാ 20:36) ദൈവദൂതൻമാർക്ക് തുല്യർ എന്നതുകൊണ്ട് മനുഷ്യൻ മനുഷ്യനല്ലാതായിതീർന്ന് മാലാഖമാരായി മാറും എന്നല്ല, മനുഷ്യത്വത്തിന്റെ അടിസ്ഥാനഘടകങ്ങൾ കാത്തുസൂക്ഷിച്ച് മഹത്വത്തിൽ മനുഷ്യൻ ദൈവദൂതൻമാർക്ക് തുല്ല്യരാകും എന്നാണ് നമ്മൾ മനസ്സിലാക്കേണ്ടത്.

യേശുവിന്റെ ഉത്ഥാനം മനുഷ്യശരീരത്തിന്റെ മഹത്വം പ്രഘോഷിക്കുന്നതുകൊണ്ട് ഉയിർപ്പ് തിരുനാൾ മാനവകുലത്തിന് നൽകുന്ന സന്ദേശം പ്രഥമമായും പ്രത്യാശയുടേതാണ്. ഒരു ശവക്കുഴിയിലെ ആറടി മണ്ണിൽ നമ്മൾ ജീർണ്ണിച്ചുപോയാലും യുക്തിയുടെ പരിമിതികൾക്കപ്പുറത്ത് യാഥാർത്ഥ്യങ്ങൾ ഉണ്ടെന്ന് യേശുവിന്റെ പുനരുത്ഥാനം സാക്ഷ്യപ്പെടുത്തുന്നു. ഉയിർപ്പിൽ ദൈവവും മനുഷ്യനും തമ്മിൽ പറുദീസായിൽ മുറിഞ്ഞുപോയ സൗഹൃദം പുനസ്ഥാപിക്കപ്പെട്ടു. പാപത്തിന്റെ ചെളിക്കുണ്ടിലേയ്ക്ക് ആഴ്ന്നുപോയ മനുഷ്യവർഗ്ഗം യേശുവിന്റെ ഉത്ഥാനത്തിലൂടെ ദൈവിക ജീവനിൽ പങ്കുകാരായി. പുത്രനായ യേശുവിന് പിതാവ് നൽകിയ മഹത്വം പുത്രൻ മനുഷ്യനുമായി പങ്കുവച്ചതിന്റെ ഓർമ്മതിരുനാളുമാണ് ഈസ്റ്റർ.

യേശുവിന്റെ ഉയിർപ്പ് ദൈവാവിഷ്ക്കാരത്തിന്റെ പരിപൂർണ്ണതയെയും നമ്മുടെ ദൈവം ത്രിയേക ദൈവമാണെന്നും വെളിപ്പെടുത്തിക്കിട്ടുവാൻ കാരണമായി. ജീവിതവും വിശ്വാസവുമായി ബന്ധിപ്പിക്കുമ്പോൾ യേശുവിന്റെ ഉയിർപ്പ് ക്രൈസ്തവ വിശ്വാസ സത്യമാണ്. ഒരാൾ ക്രൈസ്തവനാകുന്നതും, അല്ലാതാകുന്നതും യേശുവിന്റെ ഉത്ഥാനത്തിൽ വിശ്വസിക്കു ന്നതിനെ ആസ്പദമാക്കിയാണ്. യേശുവിന്റെ ഉയിർപ്പ് മനുഷ്യശരീരത്തിന്റെ മഹത്വം വെളിപ്പെടുന്നതു കൊണ്ട് രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നു. ദൈവം മനുഷ്യന്റെ ശരീരത്തെ സൃഷ്ടിച്ചതുകൊണ്ടും അന്ത്യദിനത്തിൽ അതിനെ ഉയിർപ്പിക്കുമെന്നുള്ളതുകൊണ്ടും അതിനെ ഉത്തമവും മാന്യവുമായി കരുതാൻ മനുഷ്യൻ കടപ്പെട്ടവനാണ്. (സഭ ആധുനിക ലോകത്തിൽ-14)

എന്നിലെ സന്ന്യാസം

ഒന്നും ഇല്ലാതെ ഒന്നും അറിയാതെ ഞാൻ വന്നു. എല്ലാം അറിയുന്ന എല്ലാം ആയവന്റെ വീട്ടിൽ സന്ന്യാസത്തിന്റെയും ജീവിതവിളിയുടെയും ആദ്യാക്ഷരങ്ങൾ ഓതി തന്നു. ആ നാളിൽ ഒന്നും ഗ്രഹിച്ചില്ല ഞാൻ, മറിച്ച് ജീവിതത്തിന്റെ താളത്തിനൊത്തു തുള്ളി. ഓരോ ദിനവും മാറ്റം വരുത്തി ഞാൻ ആകെ മാറിക്കഴിഞ്ഞു അതോ ഞാൻ ഞാൻ തന്നെയായതോ? ഓരോ മാറ്റത്തിലും ഞാൻ അറിഞ്ഞു സന്ന്യാസത്തിലേക്ക് എടുത്തു ചാടുക അല്ല വേണ്ടത് മറിച്ച് ആദ്യം ഞാൻ ഞാൻ ആവുകയാണ് പ്രധാനം. ഞാൻ ഞാൻ ആവുകയെന്നാൽ എന്നിലെ എന്നെ പിഴുതെറിഞ്ഞ് എന്നിൽ ക്രിസ്തുവിനെ നിറക്കുകയെന്നാണ്. ഞാൻ ഞാൻ ആവുക എന്നു പറയുമ്പോൾ എന്നെ എന്റെ കുറവുകളോടും പാപങ്ങളോടുംകൂടി അംഗീകരിക്കുകയെന്നാണ്. നാം ആരെന്ന് തിരിച്ചറിഞ്ഞശേഷമേ സന്ന്യാസത്തിലേക്ക് കടന്നുചെല്ലാനാവൂ. സന്ന്യാസം ഒരു ക്രിസ്തു ആകലാണ്. ഞാൻ തിരിച്ചറിഞ്ഞ എന്നെ പിഴുതെറിഞ്ഞ് ക്രിസ്തുവിനെ നട്ടുവളർത്തുന്നതാണ്. ഈ നട്ടുവളർത്തൽ നടക്കാതെ ഞാൻ ഞാൻ തന്നെ ആയിരുന്നാൽ അത് സന്ന്യാസം ആകില്ല മറിച്ച് അത് സന്ന്യാസ ജീവിതത്തിന്റെ പ്രവേശനത്തിന് മുമ്പുള്ള ഘട്ടമാണ്. സന്ന്യാസത്തിലേക്കുള്ള പ്രവേശനം അവന്റെ ജീവിതം ജീവിക്കുവാനുള്ള പ്രവേശനമാണ്. ആ ജീവിതം ജീവിക്കുമ്പോൾ നാം മറ്റൊരു ക്രിസ്തു ആകുന്നു അഥവാ ദൈവവും ആയി നാം ഒന്നാകുന്നു; സ്വർഗത്തിലേക്കു പ്രവേശിക്കുന്നു. സന്ന്യാസ ജീവിതം ഒരു പ്രക്രിയയാണ്. ആദ്യം എന്നിലെ എന്നെ തിരിച്ചറിഞ്ഞ് ശേഷം അംഗീകരിച്ചുകൊണ്ടുള്ള ജീവിതം. ഇതാണ് ആദ്യ ഘട്ടം. ഈ തിരിച്ചറിവ് ഒരുമാർഗമാണ്. അതല്ലാതെ ഞാൻ ഒരു അവസാനം ആവുന്നില്ല. രണ്ടാം ഘട്ടത്തിൽ യഥാർത്ഥ സന്ന്യാസം അടങ്ങുന്നു. എന്നിലെ എന്നെ പിഴുതെറിഞ്ഞ് ക്രിസ്തുവിനെ നട്ടുവളർത്തി ആ ക്രിസ്തുവിനെ ജീവിക്കുന്നതാണ് യഥാർത്ഥ സന്ന്യാസം. നമ്മൾ പലപ്പോഴും പറയാറുണ്ട് നീ നിന്നെ തിരിച്ചറിയുക എന്ന്. എന്നാൽ ഇനിമുതൽ ഒരു പടികൂടി മുമ്പോട്ടു പോവുക, **നീ ജീവിക്കുക ക്രിസ്തുവിനെ.** സന്ന്യാസത്തിന്റെ പൂർണ്ണത ക്രിസ്തുവിനെ ജീവിക്കുന്നിടത്താണ്. ജീവിക്കുക ക്രിസ്തുവായി, ജീവിക്കുക സന്ന്യാസിയായി.

Bro Libin Kalappurackal CST
L.F. Seminary, Aluva

കാവൽക്കാരൻ

നിനക്ക് എത്രനാൾ ഒരുവന്റെ കാവൽക്കാരനാകാൻ കഴിയും, ഹൃദയമെന്നത് വിശാലമായ ഒരു ലോകമാണ്. ജനിച്ച് കാലംത്തൊട്ട് ഒരുവൻ കണ്ടതും, കേട്ടതും, അനുഭവിച്ചതും സ്വപ്നം കണ്ടതുമായ എല്ലാത്തിന്റെയും നിലവറ. അവിടെ സന്തോഷങ്ങളും ദുഖങ്ങളുമുണ്ട്. ഒരു കുമ്പസാരക്കൂടിന്റെ താക്കോലുകൾക്ക്പോലും വെളിച്ചം കാണിക്കുവാൻ കഴിയാത്ത കാര്യങ്ങളുമുണ്ട്, ആരോടും ഇതുവരെയും പറഞ്ഞട്ടില്ലാത്ത ആരും ഒരിക്കലും അറിയാൻ പാടില്ലായെന്ന് നമ്മൾ ശഠിക്കുന്ന കാര്യങ്ങളുമുണ്ട്. ഇപ്രകാരം ചിന്തിക്കുമ്പോൾ ഹൃദയമെന്ന വിശാലമായ നിലവറയുടെ സത്യസന്ധനായ കാവൽക്കാരനാണ് ഒരോ നരനും. മറ്റുള്ളവർക്കായി എല്ലാം ഹൃദയത്തിൽ സംഗ്രഹിക്കുന്ന ചില ജന്മങ്ങൾ ഉണ്ട് ഭൂമിയിൽ, അപരന്റെ ഹൃദയം പേറുന്ന കാവൽക്കാർ. ഒരു നാളും സങ്കടം പറയാതെ ജീവിതത്തിൽ പാതിവഴിക്ക് ഉപേക്ഷിക്കാത്ത ആ സ്നേഹമുള്ള അമ്മ എന്തോരമാണ് എനിക്കായ് സകലതും ഹൃദയത്തിൽ സംഗ്രഹിക്കുന്നത്. കുറച്ചു മാത്രം സംസാരിക്കുന്ന മറ്റൊരു ജന്മമുണ്ട് ഭൂമിയിൽ ജീവിതത്തിന്റെ രണ്ടറ്റം കൂട്ടിമുട്ടിക്കുവാൻ സ്വന്തം സുഖങ്ങളും സന്തോഷങ്ങളും ഹൃദയത്തിൽ മറച്ച് വച്ച് അതിനെയോക്കെയും വിയർപ്പാക്കുന്ന അപ്പൻ. പരിഭവങ്ങൾ മാറ്റി ഒരുരക്തച്ചാലായിയൊഴുകുന്ന സഹോദരൻ എനിക്കുവേണ്ടി എത്രയോ പ്രയാസങ്ങളാണ് ഹൃദയത്തിൽ സംഗ്രഹിക്കുന്നത്. കുറവുകളെ ഹൃദയത്തിൽ ഒളിപ്പിച്ച് എന്നിലെ നിറവിനെ സ്നേഹിക്കുന്ന സതീർത്ഥനും ഹൃദയത്തിൽ സകലതും സംഗ്രഹിക്കുന്ന ഒരു ജന്മംതന്നെയാണ്. ഏറ്റവും ഒടുവിൽ ബലഹീനതയുടെ മുള്ളുകളെ മറന്ന് കൃപകൾക്കൊണ്ട് നിറക്കുന്ന ക്രിസ്തുവും എനിക്കുവേണ്ടി ഒരു കാവൽക്കാരനായി മാറുകയാണ്. ചില ഹൃദയങ്ങൾക്ക് മുമ്പിൽ മാത്രം നാം പൊട്ടിക്കരയാറുണ്ട്. ചിലർക്ക് മുന്നിൽ മാത്രം ഹൃദയനിലവറ തുറക്കാറുണ്ട് അവരാണ് നമ്മുടെ കാവൽക്കാർ. നമ്മുടെ ഹൃദയത്തെ പേറുന്നവർ. അനാഥനെന്ന് തോന്നലുള്ള ഒരു കുട്ടി നിലത്തു വിണാൽ കരയുകയില്ല എന്ന ബോബിയച്ചന്റെ ചിന്ത എത്രയോ ശരിയാണ്. ആരെങ്കിലും ഒക്കെ ഹൃദയം പേറുകയില്ലെങ്കിൽ കണ്ണ് നിറയുകയില്ല. തോളിനോടു ചേർന്നിരിക്കാൻ ഓരു കാവൽക്കാരൻ ആവശ്യമാണ്. കാരണം ജീവിതത്തിൽ ഇരുട്ടു നിറഞ്ഞ വീഥികളിൽ എപ്പോഴെങ്കിലും എകനാണെന്ന് തോന്നുന്ന നിമിഷം 'സാരമില്ലെടാ എല്ലാം ശരിയാകും' എന്നു പറയാൻ ഒരാൾ ആവശ്യമാണ്. കൂരിരുളിന്റെ കൂരിരുട്ടിൽ കൂടെ നടക്കാൻ ഒരു കല്ലേറുദൂരം നമ്മെ അനുഗമിക്കുവാൻ ഒരു കാവൽക്കാരൻ. എല്ലാ മനുഷ്യരും ഒരു കാവൽക്കാരനാണ് അവന്റെയും അപരന്റെയും. എത്രനാൾ നിനക്കൊരു കാവൽക്കാരനാകാൻ കഴിയും എന്നത് കണ്ണിനെ നനപ്പിക്കുന്ന ഒരു ചോദ്യമാണ്. ലളിതമായി അപരന്റെ ശരീരം മരവിക്കുന്നതുവരെ എന്നൊക്കെ നമുക്ക് പറയുവാൻ കഴിയുമായിരിക്കും. പക്ഷേ കുരിശിൻ ചുവടു വരെ മൗനയായി നിലകൊണ്ട്

മറിയം, എല്ലാ ഹൃദയത്തിൽ സംഗ്രഹിച്ചവൾ ഒരോ ക്രൈസ്തവന്റെയും കാവൽക്കാരിയാണ്. പാതിവഴിയിൽ നഷ്ടമായ ചില ജീവിതങ്ങൾ നടവഴിയിൽ നമുക്കും കാവൽക്കാരാണ്. നാളെ ഒരു ദിവസം ഞാനും നീയും ഓർമ്മയാകുമ്പോൾ ചിലർക്കെങ്കിലും നാം കാവൽക്കാരായിമാറും. അങ്ങനെയാണെങ്കിൽ ആ ചോദ്യത്തിന്റെ ഉത്തരം ഇത്രമാത്രം എന്റെ കാവൽക്കാരൻ ഉറങ്ങുകയുമില്ല, ഉറക്കംതൂങ്ങുകയുമില്ല.

Bro Sam Manalusseriyil
Malankara Diocese, Trivandrum

പൗരോഹിത്യം: ഒരു വലിയ സമ്മാനം

ഒന്നുമില്ലായ്മയുടെ ആഴിയിൽ നിന്നും അനുഗ്രഹങ്ങളുടെ അൾത്താരയിലേക്കുള്ള നടന്നുകയറ്റമാണ് പൗരോഹിത്യം. ഈ ഭൂമിയിൽ ദൈവജനത്തിന്റെ എണ്ണമില്ലാ മിഴിനീർകണങ്ങളുടെ മറന്നുണങ്ങിയ പ്രർത്ഥനകളുടെയും ആകെ തുകയാണ് ഓരോ പൗരോഹിത്യവും. ഏറെ ആഗ്രഹങ്ങൾക്കു നടുവിലും ദൈവീകമായ തിരഞ്ഞെടുപ്പില്ലെങ്കിൽ ലഭിക്കാതെ പോകുന്ന ഏറ്റവും വലിയ സമ്മാനം; അതാണ് പൗരോഹിത്യ ജീവിതം. അതുകൊണ്ടാണ് വി. പൗലോസ് ശ്ലീഹാ ഹെബ്രായർക്ക് എഴുതിയ ലേഖനം 5-ാം അധ്യായം അതിന്റെ 4-ാം വാക്യം നമ്മെ ഇപ്രകാരം ഓർമ്മിക്കുന്നത്. അഹറോനെപ്പോലെ ദൈവത്താൽ വിളിക്കപ്പെടുകയല്ലാതെ ആരും സ്വയം ഈ ബഹുമതി ഏറ്റെടുക്കുകയല്ല. എല്ലാറ്റിനും ഉപരിയായി ദൈവീകമായ തിരഞ്ഞെടുപ്പാണ് പൗരോഹിതന്റെ ജീവിതമെന്ന് വി. മർക്കോസിന്റെ സുവിശേഷം നമ്മെ ഉദ്ബോധിപ്പിക്കുന്നു. പിന്നെ, അവൻ മലമുകളിലേക്ക് കയറി തനിക്ക് ഇഷ്ടമുള്ളവരെ അടുത്തേയ്ക്കു വിളിച്ചു. അവർ അവന്റെ സമീപത്തേക്കു ചെന്നു. **മനുഷ്യനയനങ്ങൾ കാണുന്നതോ, ഗ്രഹിക്കുന്നതോ അല്ല ദൈവത്തിന്റെ ഹിതം.** ദൈവീകമായ ഈ വിളിയോടു വിശ്വസ്തയോടെ പ്രത്യുത്തരിക്കേണ്ടത് ദൈവീകകൃപ ലഭിക്കുന്ന ഓരോ വ്യക്തിയുടെയും കടമയാണ്. അതുകൊണ്ടാണ് പൗരോഹിത്യത്തിലേക്കുള്ള വിളിയെ നിധിയോടു താരതമ്യപ്പെടുത്തിരിക്കുന്നത്. വി. ജോൺ മരിയ വിയാനി ലോക ദൃഷ്ടിയിൽ ഭോഷനും ഏറെ കുറവുകൾ ഉള്ളവനും ആയിരുന്നു. എന്നാൽ, തന്റെ ഉടയവന്റെ ഹിതത്തിനായി തന്നെ പൂർണ്ണമായി വിട്ടുകൊടുത്തപ്പോൾ പാപപങ്കിലമായ ജീവിതാവസ്ഥയിൽ ജീവിച്ചുവന്ന വിശുദ്ധിയുടെ പടവുകൾ കയറാനുള്ള ഒരു പാലമായി ഈ വിശുദ്ധനു മാറാൻ കഴിഞ്ഞു. ഇങ്ങനെയൊക്കെയാണെങ്കിലും ഇന്ന് പൗരോഹിത്യത്തെ ഏറെ താഴ്ത്തിക്കെട്ടുവാനും അവഹേളിക്കുവാനും ശ്രമിക്കുന്ന, അല്ലെങ്കിൽ അതിനായി മത്സരിക്കുന്ന നവമാധ്യമങ്ങളുടെയും വ്യക്തികളുടെയും ഇടയിലാണ് ഇന്ന് ഓരോ പൗരോഹിത്യവും അഭിഷേകം ചെയ്യപ്പെടുന്നത്. കാരണം,

ഏറെ വിലയേറിയതും അമൂല്യവുമായ ഈ ദാനത്തെ തകർക്കാമെന്ന ചിന്ത. ഈ ചിന്തപ്പോലും പൗരോഹിത്യത്തിന്റെ മഹത്ത്വം ഊട്ടിയുറപ്പിക്കുന്നു. കൂദാശ പരികർമ്മ ത്തിനിടയിൽ ജീവൻ വെടിഞ്ഞ പുരോഹിതരും വിശ്വാസം കാത്തുസുക്ഷിക്കുന്നതിനു വേണ്ടി പീഡനവും മറ്റും അനുഭവിക്കേണ്ടി വന്നപ്പോഴും, പൗരോഹിത്യത്തിന്റെ വിശുദ്ധിക്ക് മുൻതൂക്കം നല്കിയ വൈദികർക്കും ഒരു ദീപനാളംപോൽ ഉത്തമ മാതൃകയായി പൗരോഹിത്യത്തിന്റെ വില ഉയർത്തിപ്പിടിക്കുന്ന ആ തീനാളം വരും തലമുറയ്ക്കും പകർന്നുകൊടുക്കാം. പൗരോഹിത്യമെന്ന ആ വലിയ സമ്മാനം സ്വകരിക്കുവാൻ വിദ്ധിയോടെ ഒരുങ്ങികൊണ്ട്.... സ്വീകരിക്കപ്പെട്ടിരിക്കുന്ന അഭിഷേകം വിശുദ്ധിയോടെ അനേകരിലേക്ക് പകർന്നുകൊണ്ട്.....

Bro Martin Valumannel CST
L.F. Seminary, Aluva

ചെരുപ്പ്

തേഞ്ഞു തീർന്ന ചെരുപ്പായിരുന്നു ഇന്നെന്റെ ചിന്തകളിൽ ഉടനീളം. പുതുമുയുടെ തിളക്കവും മഹിമയും തേഞ്ഞുമാഞ്ഞ് വികൃതമായ ഒരു രൂപം, ഉപയോഗശൂന്യമായ വസ്തു. വലിച്ചെറിയാൻ മാത്രം കൊള്ളുന്ന ചെരുപ്പിനെ ഞാൻ ലാഘവത്തോടെ തിരസ്കരിക്കുന്നു. വിരൂപമായതിനെയെല്ലാം വലിച്ചെറിയുന്ന ഒരു തലമുറയുടെ വക്താവു കൂടിയാണ് ഞാനെന്ന രഹസ്യം ഇന്ന് എന്നെ വല്ലാതെ നോവിക്കുന്നു. കാരണം ഒരുപാടു തവണ വാക്കുകളാലും, പ്രവർത്തികളാലും, വികൃതമായിക്കൊണ്ടിരിക്കുന്ന, എനിക്കുവേണ്ടി ഒരുപാടു വെയിൽ കൊണ്ടാണ് തണലായി മാറിയതെന്ന സത്യം സൗകര്യപൂർവ്വം ഞാൻ മറന്നിരിക്കുന്നു അല്ല മറക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു... എവിടെ താതാ ഈ പാപത്തിനു ക്ഷാളനം... കാലത്തുണർന്ന്, ചാരം മൂടിയ കല്ലിനെ ജീവന്റെ നാളത്തിലേക്ക് നയിച്ച്, പശിയാർന്ന ഉദരത്തിന് അപ്പമായി മാറി, വരണ്ട ചുണ്ടിന് രക്തം അമൃതമാക്കി, ഉറുമ്പുകളുടെ നിരയിൽ നിന്ന് എണ്ണമറ്റ ദേശാടനകിളികളുടെ ലോകത്തിലേക്ക് എന്നെ നയിച്ചപ്പോൾ ചാവുപക്ഷിയായി മുന്നിൽ പറന്നത് നിങ്ങൾ ആയിരുന്നുവെന്ന സത്യം തിരിച്ചറിയാൻ ഒരുപാടു വൈകി... പ്രതിബിംബത്തെ നോക്കി ആസ്വദിക്കുമ്പോൾ പലപ്പോഴും പിന്നിലെ യഥാർത്ഥ രൂപത്തെ അണയാതെ ചേർത്തുപിടിക്കാൻ ആശിക്കുന്നുവെങ്കിലും ഇന്നവ എന്നിൽ നിന്ന് അകലെയാണ്. ചേർത്തുനിർത്തി തണലേകാൻ ആഗ്രഹമുണ്ടെങ്കിലും ഇന്നതിനെനിക്കാവുന്നില്ല. ഉള്ളിന്റെ ഉള്ളിലെവിടെയോ ഒരു ചോദ്യം! അറിയാത്ത ഉത്തരം എന്നെ തളർത്തുന്നു. തീ കനലിലൂടെ നടക്കുമ്പോൾ ധൈര്യം പകർന്ന, കല്ലുപാകിയ പാതയിലൂടെ സഞ്ചരിക്കുവാൻ പഠിപ്പിച്ച, മുള്ളുകളെ ഞെരിച്ച് മുന്നേറുവാൻ സഹായിച്ച, ചെരുപ്പിനെ എന്തെ ഇനിയും ഞാൻ വന്ദിക്കാത്തത്...?

Bro Dolwin Kurisunkal CFIC
L.F. Seminary, Aluva

Peace be with you

Easter is conveying a message of hope and happiness. It brings in our mind the long days of abstinence and a final day which breaks all its limits to bring out the maximum freedom and enjoyment. During these days most of the Christians especially the traditional ones make sure their presence for all the religious ceremonies and practices which enable them to experience and believe in the never-ending immense love of God.

Man was in a state of perfect bliss and freedom and he was enveloped by God's love. Under God's invincible mastership he enjoyed perfect liberty and delight. Unfortunately, man fell into misery and sinfulness due to selfishness and abuse of freedom and the God-given divinity is lost. Now man is in grave need of a Savior and Redeemer without whom man can never regain his real state of nature. God's love is interminable and he cannot but choose to save man. He loved man so much so that he sen#vs his only begotten Son to save the humanity. God's love was actualized by the very sacrifice of his own Son.

Gospel of St John portrays Mary Magdalene as the first witness of Jesus' resurrection. This has been the third day since her beloved Teacher has been killed. She was in haste and wanted to anoint him with perfume. In her childhood she was an angel. Situations made her do a mistake willingly or forcibly. Then many were there to force her repeat the same mistake and finally she became the mistake. Those who forced her to sin judged her to death. The Teacher came across the situation and made her free. It was for the first time that realized the utmost joy in her life. Now, the Teacher is sentenced to death by the same people. As she was running to the tomb she thought about her beloved Teacher. He renounced all that He had for the salvation of the humanity for which they put him to death. On reaching there she found that the big stone that covered the tomb had been moved away and the tomb was found empty. Sorrow became pain. When she turned back, she saw a person and asked him about his Teacher's lost body. The person called her Mary and she realized that it was her beloved Teacher, Jesus.

We face lots of troubles and difficulties in our lives. The master of the world troubles us always. **As we have lost our divinity in us we cannot make our own path. A hope will enable us to move forward. Jesus Christ is the only real Hope for us.** The One who has the power to forgive our mistakes, the One who has defeated death and the One who can sustain our hearts in peace. When you are lost in the midst of troubles, when you are sad, when you are in pain, when you are in need or whatever the cases may be He is there for and with you. Make this Easter as an opportunity to realize the presence of Jesus and the inner happiness which gives to his people and listen to His word 'peace be with you' which makes our hearts peaceful.

Philip (Sijo) Panamoottil CST

L.F. Seminary, Aluva

ST THOMAS PROVINCE

ഇരിക്കൂറിന്റെ മണിനാദം

ചങ്കല്ല ചങ്കിടിപ്പാണ് റീജന്റ് റോബിൻ

ഞങ്ങൾക്കെല്ലാവർക്കും ഏറ്റവും പ്രിയങ്കരനായ റീജന്റ് റോബിൻ ചേന്നാട്ടിന്റെ ജന്മദിനം ഡിസംബർ 7-ാം തീയതി സെമിനാരിയിൽ ആഘോഷപൂർവ്വം കൊണ്ടാടി.

ക്രിസ്തുമസ്സ് ക്രിസ്തുമസ്സ്...

കാലിത്തൊഴുത്തിൽപ്പിറന്ന ദൈവസുതനെ ഞങ്ങളുടെ ഹൃദയങ്ങളിൽ സ്വീകരിക്കുവാനായി ഡിസംബർ 1 മുതൽ 25 ദിവസത്തെ ക്രിസ്തുമസ് ക്രന്ദ്രീകൃത ധ്യാനത്തിലൂടെ ഞങ്ങൾ ക്രിസ്തുമസ്സിനായി ഒരുങ്ങി. ഡിസംബർ 24-ാം തീയതി രാത്രി 9.00 മണിയോടെ സെമിനാരിയിലെ പിറവിത്തിരുന്നാൾ കർമ്മങ്ങൾക്ക് തുടക്കം കുറിച്ചു.

അവധിക്കാലം വരവായി..

ക്രിസ്തുമസ്സിന്റെ ആനന്ദവും സന്തോഷവും മനസിൽ പേറിക്കൊണ്ട് അത് ഞങ്ങളുടെ മാതാപിതാക്കളോടും സഹോദരങ്ങളോടും ബന്ധുമിത്രാദികളോടുമൊപ്പം പങ്കുവയ്ക്കുന്നതിനായി ഡിസംബർ 25-ാം തീയതി മുതൽ ജനുവരി 4-ാം തീയതി വരെ ക്രിസ്തുമസ്സ് അവധിക്കായി ഞങ്ങൾ വീട്ടിലേക്ക് പോയി.

ഹായ് എന്ത് രസം ഈ കൂട്ടായ്മ

തലശ്ശേരി മൈനർ സെമിനാരിയിൽവച്ച് എല്ലാ വർഷവും നടത്തപ്പെടുന്ന "Inter Seminary Ellect" ൽ ഞങ്ങളും പങ്കെടുത്തു. ബാസ്ക്കറ്റ് ബോൾ മത്സരത്തിൽ താമരശ്ശേരി മൈനർ സെമിനാരിയോട് ഏറ്റുമുട്ടി. ഒപ്പം Inter Seminary പ്രസംഗ മത്സരത്തിൽ സെമിനാരിക്കാരെ പ്രധിനിധീകരിച്ച് ബ്രദർ ആൽബിൻ മുണ്ടിയാങ്കൽ പങ്കെടുക്കുകയും മൂന്നാം സ്ഥാനവും ക്യാഷ് അവാർഡും കരസ്ഥമാക്കുകയും ചെയ്തു. എല്ലാവർക്കും അഭിനന്ദനങ്ങൾ...

തിരുസന്നിധിയിൽ...

ദൈവവിളിയിൽ കൂടുതൽ അടിയുറച്ച് വളരുന്നതിനും ആദ്ധ്യാത്മിക മേഖലയിൽ കൂടുതൽ കരുത്താർജ്ജിക്കുന്നതിനും ജനുവരി 26 മുതൽ 31 വരെ തോമസ്സ് കപ്പലുമാക്കൽ ഒ.സി.ഡി. അച്ചന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട വാർഷികധ്യാനം ഒത്തിരി പ്രചോദകകരമായി. അച്ചന് ഒരായിരം നന്ദി!

സെന്റ്. തോമസ് പ്രൊവിൻസ് @ 25

സി.എസ്.റ്റി. സഭയുടെ സെന്റ് തോമസ്സ് പ്രൊവിൻസിന്റെ രജത ജൂബിലി ആഘോഷം ഫെബ്രുവരി 16-ാം തീയതി കൈതപ്പൊയിൽ ലിസ്സാ

കോളേജിൽ വച്ച് നടത്തപ്പെട്ടു. കഴിഞ്ഞ ഇരുപത്തഞ്ച് വർഷക്കാലം നല്ല തമ്പുരാൻ പ്രൊവിൻസിന് നൽകിയ അനുഗ്രഹങ്ങൾക്ക് നന്ദി പ്രകാശിപ്പിച്ചുകൊണ്ട് മാർ. തോമസ് തുരുത്തിമറ്റം സി.എസ്.റ്റി. പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ 25 വൈദികർ അണിനിരന്ന് മറ്റ് വൈദീകരോടും സന്യസ്ഥരോടും വിശ്വാസികളോടുമൊപ്പം കൃതജ്ഞാതാബലി അർപ്പിച്ചു. തുടർന്ന് പൊതു സമ്മേളനവും കലാപരിപാടികളും അരങ്ങേറി. ഈ ധന്യമുഹൂർത്തത്തിന് സാക്ഷ്യം വഹിക്കാൻ ഞങ്ങളെ അനുഗ്രഹിച്ച തമ്പുരാന് നന്ദി.

മനം നിറഞ്ഞൊരു യാത്ര...

പരീക്ഷയുടേയും മദ്ധ്യവേനലിന്റേയും ചൂടിൽ നിന്ന് ഞങ്ങളുടെ ശരീരത്തെയും മനസ്സിനെയും ഉല്ലാസഭരിതമാക്കാൻ ഒരു ദിവസത്തെ വയനാട്ടിലേക്ക് ഞങ്ങൾ നടത്തിയ യാത്ര ഒത്തിരി പ്രയോജനകരമായി. സാമ്പത്തിക പ്രതിസന്ധികളുടെ നടുവിലും ഒരു പിക്ക്നിക് നടത്താൻ അവസരം ഒരുക്കിയ റെക്ടറച്ചനും മറ്റച്ചന്മാർക്കും ഒത്തിരി നന്ദി...

പിതാവ് മക്കളോടൊത്ത്...

പിതൃവാത്സല്യവും സ്നേഹവും നെഞ്ചിലേറ്റി ഫെബ്രുവരി 19 മുതൽ 21 വരെ കാനോനിക വിസീത്തയ്ക്കായി ബഹു. പ്രൊവിൻഷ്യാളച്ചൻ സെമിനാരിയിൽ എത്തിച്ചേർന്നു ഞങ്ങളോടൊപ്പം ഞങ്ങളിൽ ഒരാളായി വസിച്ച അച്ചന്റെ വാത്സല്യവും സ്നേഹവും ഈ ദിവസങ്ങളിൽ ഞങ്ങൾക്ക് കൂടുതൽ അനുഭവിക്കാൻ സാധിച്ചു. എല്ലാ മേഖലകളിലും ഞങ്ങളെ വിലയിരുത്തി ഞങ്ങൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ തന്ന പ്രൊവിൻഷ്യാളച്ചന് ആയിരമായിരം നന്ദി.

ബലിയാകാനും ബലിയേകാനും...

ഈ വർഷം സെന്റ് തോമസ് പ്രൊവിൻസ് വേണ്ടി വൈദികപട്ടം സ്വീകരിച്ച 7 നവവൈദികർ ഫെബ്രുവരി 24-ാം തീയതി വൈകുന്നേരം സെമിനാരിയിൽ എത്തി. കളികളിൽ ഞങ്ങളോടൊപ്പം കൂടുകയും അത്താഴസൽക്കാരത്തിൽ പങ്കെടുക്കുകയും ചെയ്തു. അത്താഴത്തിന് ശേഷം അവരുടെ സെമിനാരി അനുഭവങ്ങളും പൗരോഹിത്യ ലക്ഷ്യവും ഞങ്ങൾക്ക് പ്രചോദനകരമാകുന്ന രീതിയിൽ വിവരിച്ചു തന്നു. പിറ്റെ ദിവസം രാവിലെ ഏഴ് വൈദികരും ചേർന്ന് സെമിനാരിയിൽ ദിവ്യബലി അർപ്പിച്ചു. അവരുടെ അനുഭവങ്ങളും ജീവിതമാതൃകയും ഞങ്ങൾക്ക് ദൈവവിളിയിൽ മുന്നേറാൻ കൂടുതൽ പ്രചോദനം നൽകി. എല്ലാ അച്ചന്മാർക്കും അഭിനന്ദനങ്ങൾ, ആശംസകൾ...

ഓർമ്മകൾക്ക് മുന്നിൽ

കഴിഞ്ഞ ഒരു വർഷക്കാലം ഞങ്ങളുടെ എല്ലാം ആയിരുന്ന മറക്കാൻ പറ്റാത്ത ഓർമ്മകൾ സമ്മാനിച്ച പോൾ ഓലിയ്ക്കൽ അച്ചനും റീജന്റ് റോബിൻ ചേന്നാട് ബ്രദറും ഞങ്ങളെ പിരിഞ്ഞ് അവരുടെ പുതിയ പ്രവർത്തന മേഖലകളിലേക്ക് യാത്രയായി. പുതിയ സ്ഥലത്തേയ്ക്ക്

പോകുന്ന പോളച്ചനും പഠനത്തിന്റെ പുതിയ തലങ്ങളിലേയ്ക്ക് കടക്കുന്ന റോബിൻ ബ്രദറിനും ഞങ്ങളുടെ എല്ലാ മംഗളങ്ങളും പ്രാർത്ഥനാശംസകളും....

അദ്ധ്യയനവർഷം പടിയിറങ്ങുന്നു

പഠനത്തിലും പാഠ്യേതര വിഷയങ്ങളിലും ഞങ്ങളെ വളർത്തിയ ഒരു നല്ല അദ്ധ്യയന വർഷത്തിന്റെ കൊടിയിറക്കം ഫെബ്രുവരി 3-ാം തീയതി ഉച്ചകഴിഞ്ഞ് 3 മണിക്ക് വിശിഷ്ടാതിഥി മലയാളം പ്രൊഫസർ സ്വപ്ന ടീച്ചറിന്റെ അദ്ധ്യക്ഷതയിൽ നടന്നു. ബ്രദേഴ്സിന്റെ വ്യത്യസ്ഥത നിറഞ്ഞ കലാപരിപാടികൾ സമ്മാനത്തിന് മാറ്റ് കൂട്ടി. സമ്മേളനത്തിൽ വരകളുടേയും അക്ഷരങ്ങളുടേയും സമന്വയമായ കലാസാഗർ എന്ന വാൾ മാഗസിന്റെ നേതൃത്വത്തിലുള്ള "സ്പന്ദനം" 2018-2019 വർഷത്തെ കയ്യെഴുത്ത് മാസികയുടെ പ്രകാശന കർമ്മവും നടത്തപ്പെട്ടു.

ഹോ എന്തൊരു പരീക്ഷ .... എന്നാലും അവധിക്കാലം ഉണ്ടല്ലോ...

ഞങ്ങളുടെ ഒരു വർത്തെ അദ്ധ്വാനത്തിന്റെ ഫലം പരീക്ഷാ രൂപത്തിൽ വിലയിരുത്തുന്നതിനായി മാർച്ച് 6 മുതൽ 27 വരെ വാർഷിക പരീക്ഷാ ദിനങ്ങളായിരുന്നു. എല്ലാവരുടേയും പ്രാർത്ഥന മൂലം പരീക്ഷ നന്നായി എഴുതുവാൻ സാധിച്ചു. നിങ്ങളുടെ പ്രാർത്ഥനകൾക്ക് ഒത്തിരി നന്ദി... പരീക്ഷകൾക്ക് ശേഷം സെമിനാരിക്കാർ മാർച്ച് 28-ാം തീയതി ഒരു മാസത്തെ മധ്യവേനൽ അവധിക്കായി സ്വഭവനങ്ങളിലേയ്ക്ക് പോയി.

നന്ദിചൊല്ലി തീർക്കുവാനീ...

ഒരു വർഷക്കാലം ഞങ്ങളെ ദൈവവിളിയിൽ അടിയുറച്ച് വളരുവാൻ സഹായിച്ച റെക്ടറച്ചനും, മറ്റച്ചന്മാർക്കും, ഈ വർഷം ഞങ്ങളെ സന്ദർശിക്കുകയും അനുഭവങ്ങൾ പങ്ക്വെയ്ക്കുകയും പ്രോത്സാഹിപ്പിയ്ക്കുകയും ചെയ്ത എല്ലാ അച്ചന്മാർക്കും, സഹോദരന്മാർക്കും മറ്റെല്ലാവർക്കും ഹൃദയത്തിന്റെ ഭാഷയിൽ നന്ദി... നന്ദി...

താബോറിന്റെ ഹൃദയത്തുടിപ്പുകൾ

ആത്മീയതയുടെ ആഴത്തിലേയ്ക്ക്

അവധി കഴിഞ്ഞ് തിരിച്ചെത്തിയ ഞങ്ങൾക്ക് പ്രാർത്ഥനയിൽ ആഴപ്പെടുന്നതിനായി താബോർ കരുതിവെച്ചത് ബഹു. മാത്യു വയലമണ്ണിലച്ചൻ റിജോ മുണ്ടണിശ്ശേരി അച്ചന്റെയും നേതൃത്വത്തിൽ നടന്ന വാർഷികധ്യാനമായിരുന്നു. നിശബ്ദതയിലും പ്രാർത്ഥനയിലും കർത്താവിനെ കണ്ടെത്താൻ താബോർ തുടിപ്പുകളെ പ്രചോദിപ്പിച്ച ധ്യാനമായിരുന്നു.

താരോദ്ധാനം

സി.എസ്.ടി. മാനത്തുദിച്ച പുതു താരകങ്ങളായ നവവൈദികരോടൊപ്പം സന്തോഷിച്ച ഒരു ദിവസമായിരുന്നു ജനുവരി 29.

ബലിയർപ്പണവും അനുഭവം പങ്കുവെയ്ക്കലും അഭിമാനത്തിന്റെയും ആനന്ദത്തിന്റെയും പ്രചോദനത്തിന്റെയും നിമിഷമായിരുന്നു.

കാനോനിക വിസീത്ത

ബഹു. പ്രൊവിൻഷ്യാളച്ചന്റെ പിതൃതുല്യമായ സംഭാഷണവും വ്യക്തിപരമായി നൽകിയ നിർദ്ദേശങ്ങളും ഞങ്ങളെ സഹായിക്കുകയും വളർത്തുകയും ചെയ്തു.

ചെറിയവരുടെ ആഘോഷം

പ്രൊവിൻസിന്റെ ജൂബിലിവർഷ സമാപനാഘോഷം ഏറ്റവും ഇളയവരായ ഞങ്ങളെ സംബന്ധിച്ചിടത്തോളം പുതുമയുടെ അനുഭവമായിരുന്നു. പ്രൊവിൻസിലെ എല്ലാ അംഗങ്ങളെയും പരിചയപ്പെടാനും പുതിയ മേഖലകളെക്കുറിച്ച് അറിയാനും ഉപകരിച്ച ആഘോഷം പുത്തൻ ഉണർവേകുന്നതായിരുന്നു.

നവസാന്നിധ്യമായി നവവൈദികൻ

പപ്പുവ ന്യൂ ഗിനിയിലേക്ക് പ്രേഷിതപ്രവർത്തനത്തിന് പോകുന്ന ഷൈബിനച്ചന് പകരമായി നവവൈദികൻ ബഹു. ടോം പഴയപറമ്പിലച്ചൻ സെമിനാരിയുടെ വൈസ് റെക്ടറായും പ്രോക്യുലേറ്ററായും ചുമതല ഏറ്റെടുത്തു. അച്ചന്റെ ശുശ്രൂഷകൾക്ക് എല്ലാ പ്രാർത്ഥനകളും സമർപ്പിക്കുന്നു.

ആഘോഷം

മാർച്ച് 19-ാം തീയതി ബ. റെക്ടറച്ചന്റെയും 2 സഹോദരങ്ങളുടേയും നാമഹേതുക തിരുന്നാളും മാർച്ച് 22-ാം തീയതി ഞങ്ങളുടെ ആദ്ധ്യാത്മിക പിതാവായ ബഹു. ജോർജ്ജ് മുള്ളുകൊടിക്കൽ അച്ചന്റെയും ബ്ര. ആൽഫിന്റെയും ജന്മദിനവും സമുചിതമായി ആഘോഷിച്ചു.

പ്രേഷിതയാത്ര

പപ്പുവ ന്യൂഗിനിയിലേക്ക് കർത്താവിന്റെ സുവിശേഷം വിളംബരം ചെയ്യാൻ തയ്യാറെടുക്കുന്ന ബഹു. ഷൈബിനച്ചന് മാർച്ച് 21-ാം തീയതി യാത്രയയപ്പ് നൽകി.

അറിവിന്റെ ലോകം

വിവിധ അറിവുകളിലേയ്ക്ക് വാതിൽ തുറക്കുന്ന സെമസ്റ്ററായിരുന്നു ഇത്. ശരീരത്തെയും മനസ്സിനെയും കുറിച്ച് പഠിപ്പിക്കാൻ ബഹു. ലൂസിയ എഫ്. സി.സി. സിസ്റ്ററും മനസ്സിനെ പാകപ്പെട്ട് പഠിപ്പിക്കാൻ ബഹു. ഫിലിപ്പി നെടുതുരുത്തിൽ വി.സി. അച്ചനും സഭയെക്കുറിച്ചും വല്യച്ചനെക്കുറിച്ചും പഠിപ്പിക്കാൻ ബഹു. ജോസഫ് ചാത്തനാട്ടച്ചനും കടന്നുവന്നു.

വാർഷികമത്സരം

ആദ്യവർഷ പരിശീലനകാലത്തിന്റെ പരിസമാപ്തിയിൽ കഴിവുകളുടെ പ്രകടനത്തിന് അവസരമായി ഞങ്ങൾമൂന്നു ഗ്രൂപ്പുകളായി (ഫിനിക്സ്, എക്സ്ട്രീം, ലെജൻസ് ക്വിക്ക് ലിപ്പേഴ്സ്) വാർഷിക മത്സരങ്ങൾ സംഘടിപ്പിച്ചു.

1. ധന്യമീ നിമിഷം

ഈ വർഷം സി.എസ്.റ്റി. സഭയിൽ അഭിഷിക്തരായ എല്ലാ നവവൈദികരും പ്രൊവിൻഷ്യൽ ഹൗസിൽ വരികയും വി. ബലിയർപ്പിക്കുകയും ചെയ്തു. ക്രിസ്തുവിന്റെ പൗരോഹിത്യത്തിലേയ്ക്ക് പ്രവേശിച്ച എല്ലാ കൊച്ചച്ചന്മാർക്കും പ്രാർത്ഥനയും ആശംസകളും.

2. ജൂബിലി സമാപനം

സെന്റ് തോമസ് പ്രൊവിൻസിന്റെ സിൽവർ ജൂബിലി വർഷസമാപനം ഫെബ്രുവരി 16 ന് കൈതപ്പൊയിൽ ലിസ്യൂ കോളേജിൽ വച്ച് നടന്നു. ഉച്ചകഴിഞ്ഞ് വി. കുർബ്ബാനയോടെ ആരംഭിച്ച ജൂബിലി ആഘോഷത്തിൽ മാർ തോമസ് തുരുത്തിമറ്റം സി.എസ്.റ്റി. മുഖ്യ കാർമ്മികനായിരുന്നു. ബഹു. ജനറാളച്ചൻ, മറ്റ് മൂന്ന് പ്രൊവിൻസുകളിൽ നിന്നുള്ള പ്രൊവിൻസിന്റെ പ്രൊവിൻഷ്യൽ സുപ്പീരിയർ ഫാ. ജോബി ഇടമുറിയിൽ എന്നിവർ സഹകാർമ്മികരായിരുന്നു. വി. ബലിക്കുശേഷം നടന്ന പൊതു സമ്മേളനത്തിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ ഫാ. ജോബി ഇടമുറിയിൽ സ്വാഗതം ആശംസിച്ചു. സി.എസ്.റ്റി. സഭയുടെ ജനറാളച്ചൻ അദ്ധ്യക്ഷപദം അലങ്കരിക്കുകയും താമരശ്ശേരി രൂപതയുടെ ഇടയൻ മാർ. റെമിജിയൂസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു. മറ്റ് മൂന്ന് പ്രൊവിൻസിന്റെ പ്രൊവിൻഷ്യൽ അച്ചന്മാരും, സി.എം.ഐ. സെന്റ് തോമസ് പ്രൊവിൻസ് കോഴിക്കോടിന്റെ പ്രൊവിൻഷ്യൽ ഫാ. തോമസ് തെക്കേൽ സി.എം.ഐ. യും ആശംസകൾ നേർന്നു. തുടർന്നു നടന്ന കലാസന്ധ്യയിൽ പ്രൊവിൻസിന്റെ കീഴിലുള്ള കോളേജുകൾ, സ്കൂളുകൾ എന്നിവിടങ്ങളിൽ നിന്ന് വിവിധ പരിപാടികൾ അരങ്ങേറി. നമ്മുടെ സഭാ സമൂഹത്തിൽ നിന്നും അയൽപക്ക സന്യാസ സമൂഹങ്ങളിൽ നിന്നും ധാരാളം പേർ ജൂബിലി സമാപാനാഘോഷത്തിൽ പങ്കാളികളായി.

3. ഗുരുവിന്റെ പാതയിൽ

"നിങ്ങൾ ലോകമെങ്ങും പോയി സുവിശേഷം പ്രസംഗിക്കുവിൻ" എന്ന് ആഹ്വാനം ചെയ്ത ദിവ്യഗുരുവിന്റെ വാക്കുകളെ ഹൃദയത്തിൽ സ്വീകരിച്ച് നാഗാലാന്റിന്റെ കൊഹിമ രൂപതയിൽ ആരംഭിച്ച പുതിയ മിഷൻ രംഗത്തേക്ക് നമ്മുടെ യുവവൈദികരായ അനിൽ മനയ്ക്ക പറമ്പിലച്ചനും, മനു മാന്തറ അച്ചനും യാത്രയായി. ക്രിസ്തുവിനെ അനുധാവനം ചെയ്ത് തീക്ഷ്ണതയോടെ വർത്തിക്കാൻ ശക്തി നിങ്ങൾക്ക് ലഭിക്കട്ടെ. അച്ചന്മാർക്ക് പ്രാർത്ഥനയും ആശംസകളും നേരുന്നു.

4. ജന്മദിനാശംസകൾ

വികാർ പ്രൊവിൻഷ്യൽ ജോൺസൺ വരകപ്പറമ്പിൽ അച്ചന്റെയും പ്രൊവിൻഷ്യൽ ഇക്കണോം ജോർജ്ജ് നെല്ലുവേലിയച്ചന്റെയും ജൻമദിനം സാഘോഷം കൊണ്ടാടി. ജൻമദിനത്തിന്റെ മംഗളങ്ങൾ പ്രൊവിൻഷ്യൽ അച്ചനും മറ്റ് വൈദീകർക്കും. ബഹു. ജോസഫ് ചാത്തനാട്ടച്ചൻ, ഷാജി മീൻപുഴയ്ക്കലച്ചൻ, ബിനു പയ്യമ്പള്ളിയച്ചൻ എന്നിവരുടെ നാമഹേതുക തിരുനാളും കൊണ്ടാടി.

5. കാനോനിക സന്ദർശനം

ബഹു. പ്രൊവിൻഷ്യാളച്ചൻ താബോർ മൈനർ സെമിനാരി കൽപ്പറ്റ, സാങ്ത മരിയ ആശ്രമം വട്ടത്തുവയൽ, ലിറ്റിൽ ഫ്ളവർ സെമിനാരി ഇരിക്കൂർ, സെന്റ് തോമസ് ആശ്രമം കോട്ടൂർ, സമരിറ്റൻ ഹോം നെല്ലിക്കുന്ന്, പുഷ്പഗിരി ആശ്രമം പാലക്കുഴി, ലിസ്യു ആശ്രമം വേലൂർ, സഞ്ജീവനി ആശ്രമം നെടുപുഴ, തൃശൂർ, സാൻജോ ഭവൻ കൈതപൊയിൽ, അട്ടപ്പാടിയിലെ മൂന്ന് ആശ്രമങ്ങളിലും കാനോനിക സന്ദർശനം നടത്തി.

6. മീറ്റിംഗ്സ്

സെന്റ് തോമസ് ഭവനിൽ വച്ച് Vocation Promoters Meeting, Superiors and Procurators Meeting, Junior Clergy meeting എന്നിവ സംഘടിപ്പിച്ചു.

7. നന്ദിയോടെ....

ഒരു വർഷത്തെ സ്തുത്യർഹമായ റീജൻസി പൂർത്തീകരിച്ച ബ്രദർ. മാത്യു പാലത്തിങ്കൽ പ്രൊവിൻഷ്യൽ ഹൗസിൽ നിന്ന് യാത്രയായി. ബ്രദറിന് നന്ദിയും എല്ലാവിധ മംഗളങ്ങളും ആശംസിക്കുന്നു.

ആത്മാവിന്റെ പ്രതിധ്വനി

"**ആത്മാവിന്റെ പ്രതിധ്വനി**" എന്ന പുസ്തകം **പ്രസാദ് കുരിശുങ്കലച്ചന്റെ** ഞായറാഴ്ച പ്രസംഗങ്ങളുടെ ഒരു സമാഹാരമാണ്. ഈ പുസ്തകത്തിന്റെ പ്രകാശനകർമ്മം കഴിഞ്ഞ മാസം സെന്റ് തോമസ് പ്രൊവിൻസിന്റെ രജത ജൂബിലിയോടനുബന്ധിച്ച് നടത്തുകയുണ്ടായി. പുസ്തകത്തിന്റെ കോപ്പികൾ ജനറലേറ്റിൽ നിന്നും /പ്രസാദച്ചന്റെ പക്കൽ നിന്നും ലഭിക്കുന്നതാണ്.

വില : 150/- രൂപ പ്രതി കോപ്പി

ഫോൺ : 9447024453, 9745108626

KHRIST - JYOTHI PROVINCE

PUNJAB – RAJASTHAN

A Priest Forever

All the dreams and ardent prayers are fulfilled on the Altar of the Lord! This is rightly said about the lives of Priests and especially about our dear New Priests whose long cherished dream and the prayers of their be loved ones were fulfilled in the Month of December 2018. Dns. Bino Pariyadan, Jidhin Kurisinkal & Shibin Kocheelath gracefully received the Holy Order of Priesthood on 27th, 29th & 31st of December respectively. Many of our Fathers took part in those blessed moments of their lives and prayed for them. Let the Lord shower His choicest Blessings upon them and let them be instruments of God's Love in the service of people.

The New Petals

Khrist Jyoti Province of Little Flower Congregation gladly and proudly welcomed the 'New Petals' of our Province on 7th February 2019 at Jyoti Niwas, Hanumangarh. All the three New Priests of our Province, after having spent one month in Kerala reached the Mission Land of Punjab & Rajasthan for the service of the Lord. We, the Members of Khrist Jyoti, Province, solemnly welcomed them into our midst. The New Priest's Day was celebrated on 7th February 2019 at Provincial House in which Fr. Jidhin Kurisinkal CST was the main Celebrant and Fr. Bino Pariyadan CST preached the Homily. Fr. Shibin Kocheelath CST guided us for at the Monthly Recollection.

Dates to Remember

A new initiative of our Province in this year was designing a Yearly Calendar for our Province. This calendar was ultimately intended for the parents and relatives of the members of the Province to get to know the Priests of our Province. And for this, the Calendar was

designed with the photos of Fathers according to their birthdays and also Feast days. The Calendar contains also our main Mission activities with photos. The Calendar was released on 7th February 2019 during the Priestly Gathering at Provincial House, Hanumangarh. The artist behind this Calendar was Fr. Suneesh Ezholickal CST

Province Day Celebration

Coming together is an exciting moment, especially in Religious Life. And on 27th February we, the members of Khrist Jyoti Province, came together to celebrate the Province Day. Fathers from Punjab and Rajasthan came at Hanumangarh by evening and had different outdoor games as the starter. Then in the evening we had the prayer session which was followed by delicious supper, cultural programs and indoor games. The Province Day celebration was well arranged and meticulously executed by the St. Mary's Ashram Members, Faridkot.

25 Years of Blessing

We had a solemn celebration of Sacredotal Silver Jubilee of our Fathers in the Provincial House, Rev. Fr. Saju Koothodiputhenpurayil CST the well-known Canonist of our Province celebrated his Sacerdotal Silver Jubilee this year. The whole Province came together to celebrate this happy moment with Fr. Saju on 28th February 2019 at Khrist Jyoti Provincial House, Hanumangarh and together with this celebration we began the Sacredotal Silver Jubilee celebration of our Dear Rev. Fr. Provincial Superior George Alukka CST and Rev. Fr. Cyriac Kochalunkal, Vicar General of Faridabad Diocese. Fathers and Sisters from many stations came to thank the Lord for all the blessings showered through these Fathers. We had solemn Eucharistic Celebration followed by a felicitation gathering in which Fr. Saju Thottamattom CST, the Vicar Provincial and Fr. Robin Areeparambil felicitated the Jubilarians.

Inauguration & Blessings

A number of Churches and School Buildings were inaugurated and blessed in Khrist Jyoti Province Punjab-Rajasthan during the months of February & March. Two churches, namely Little Flower Church at Churu and Little Flower Catholic Church at Hanumangarh were blessed and consecrated by Rt. Rev. Bp. Oswald Lewis, the Bishop of Jaipur on 20th February and 21st March respectively. And also a few school buildings had its completion and new floors ready to invite and accommodate the new children to the abode of Wisdom. New KG Section at Little Flower School, Churu and Little Flower Convent School, Kesrisingpur were blessed and inaugurated by Very Rev. Fr. Provincial in the presence of many fathers and sisters on 20th and 8th of February respectively. And also the Alphonsa Convent School, Sikhwala had the privilege to be inaugurated and blessed. Rev. Fr. Provincial blessed and inaugurated the New Floor and opened it for the cute little children. Hearty congratulations to dear Fathers who wholeheartedly worked hard behind these beautiful churches and Schools.

Hurray! He has done it…..!

April 5th 2019 was a memorable day for all the Khrist Jyotians, as one of our fellow Priests Fr. Tigi Thanniyil CST, completed his doctoral studies and has defended his thesis in a befitting and excellent manner. He did his Doctorate in Philosophy and his Thesis was based on the subject, **"Perceiving God through Emotions: An Application of William Alston's Epistemology of Religion".** Hearty congratulations dear Fatherji for your hard work, Excellency and time bound completion of Doctoral Studies. May God bless you to fly high…..

ST. JOSEPH'S PROVINCE

നവാഭിഷിക്തർ...

ഡിസംബർ 27-ാം തിയതി നേര്യമംഗലം സെന്റ് ജോസഫ് ഇടവകദേവാലയത്തിൽ വച്ച് അഭിവന്ദ്യ മാർ.ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവിന്റെ കൈവയ്പ്പുവഴി ഡീ. മാത്യൂസും, ഡിസംബർ 31-ാം തിയതി കൊരട്ടി സെന്റ്. മേരീസ് ഫൊറോനാപ്പള്ളിയിൽ വച്ച് അഭിവന്ദ്യ മാർ.ആന്റണി കരിയിൽ പിതാവിന്റെ കൈവയ്പ്പുവഴി ഡീ. അഖിലും, ജനുവരി 1-ാം തിയതി ചെറുവള്ളിക്കുളം സെന്റ്. ജോർജ് ഇടവകദേവാലയത്തിൽ വച്ച് അഭിവന്ദ്യ മാർ ജോസഫ് പുളിക്കൽ പിതാവിന്റെ കൈവയ്പ്പുവഴി ഡീ. റ്റിബിനും, ജനുവരി 2-ാം തിയതി മാണിക്ക്യമംഗലം സെന്റ് റോക്കീസ് ഇടവകദേവാലയത്തിൽ വച്ച് അഭിവന്ദ്യ മാർ.ജോസ് പുത്തൻവീട്ടിൽ പിതാവിന്റെ കൈവയ്പ്പുവഴി ഡീ. ജിബിനും, ജനുവരി 3-ാം തിയതി കല്ലുപാലം സെന്റ് മേരീസ് ഇടവകദേവാലയത്തിൽ വച്ച് അഭിവന്ദ്യ മാർ ജോൺ നെല്ലിക്കുന്നേൽ പിതാവിന്റെ കൈവയ്പ്പുവഴി ഡീ. സിജോയും, ജനുവരി 5-ാം തിയതി അരുവിക്കുഴി ലൂർദ് മാതാ ഇടവകദേവാലയത്തിൽ വച്ച് അഭിവന്ദ്യ മാർ തോമസ് തുരുത്തിമറ്റം പിതാവിന്റെ കൈവയ്പ്പുവഴി ഡീ. ചാൾസും തിരുപ്പട്ടം സ്വീകരിച്ചു.

NEW PRIESTS DAY

ജനുവരി 9-ാം തിയതി പ്രൊവിൻഷ്യൽ ഹൗസിൽ New priests day ആഘോഷിച്ചു. ചെറുപുഷ്പ സഭയിൽ ഈ വർഷം തിരുപ്പട്ടം സ്വീകരിച്ച 18 നവവൈദികർ സന്നിഹിതരായിരുന്നു.

വൈദീക സമ്മേളനം

സെന്റ് ജോസഫ് പ്രൊവിൻസിന്റ 2019 വർഷത്തെ ഒന്നാം വൈദീക സമ്മേളനം ജനുവരി 9-ാം തിയതി രാവിലെ 9.30 ന് ബഹു. പ്രൊവിൻഷ്യാളച്ചന്റെ അദ്ധ്യക്ഷതയിൽ പ്രൊവിൻഷ്യൽ ഹൗസിൽ ആരംഭിച്ചു. മീറ്റിങ്ങിനും ചർച്ചയ്ക്കും ശേഷം ബഹു, ജെയിംസ് മുണ്ടയ്ക്കലച്ചന്റെയും, ജോസഫ് കട്ടയ്ക്കലച്ചന്റെയും പൗരോഹിത്യ സുവർണ ജൂബിലി ആഘോഷിച്ചു. അന്നേ ദിവസം ഉച്ചകഴിഞ്ഞ് ഫോർമേറ്റേഴ്സ് മീറ്റിങ്ങും നടന്നു.

ജൂനിയർ ക്ലെർജി മീറ്റിങ്ങ്

പ്രൊവിൻസിലെ 20 കൊച്ചച്ചൻമാർ പ്രൊവിൻഷ്യാളച്ചനോടൊപ്പം ജൂനിയർ ക്ലെർജി മീറ്റിങ്ങിനായി കുടജാദ്രിക്കു പോയി. ബൽത്തങ്ങാടി രൂപതയിലെ ജഡ്കൽ സെന്റ് ജോർജ് ഇടവകയിൽ ജൂനിയർ ക്ലെർജി മീറ്റിങ്ങ് നടന്നു.

ആഘോഷനിറവിൽ

നമ്മുടെ വല്യച്ചന്റെ 100-ാം പൗരോഹിത്യ ജൂബിലിയും 128 -ാം ജന്മദിനവും ഫെബ്രുവരി 9-ാം തിയതി ബേസിൽ ഭവനിൽ വച്ച് ആഘോഷിച്ചു. തൃശൂർ അതിരൂപത സഹായമെത്രാൻ ബഹു. ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യകാർമികത്വത്തിൽ വി. കുർബ്ബാനയോടു കൂടി ചടങ്ങ് ആരംഭിച്ചു. ദിവ്യബലിക്കു ശേഷം പി. ഒ. സി. യിൽ നിന്നെത്തിയ ബഹു. ജോഷി മെയ്യാറ്റിലച്ചൻ മൂക്കന്നൂരിൽ വല്ല്യച്ചൻ നടത്തിയ സാമൂഹിക സമു

ദ്ധാരണവും വല്ല്യച്ചന്റെ പ്രവാചക ദൗത്യവും എന്ന വിഷയത്തെപ്പറ്റി ക്ലാസെടുത്തു. പിന്നീട് വല്ല്യച്ചന്റെ കബറി ത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും, തുടർന്ന് മൂക്കന്നൂർ ബസീലിയൂസ് നഗറിൽ വച്ച് പൊതുസമ്മേളനം നടത്തുകയും ചെയ്തു.

സേവാനിരത അവാർഡ്

ഓൾ ഇൻഡ്യ അവാർഡി ടീച്ചേഴ്സ് ഫെഡറേഷന്റെ ഈ വർഷത്തെ സേവാനിരത അവാർഡിന് ബഹു. ജോസ് ഏഴാനിക്കാട്ടച്ചൻ അർഹനായി.

ASHER -2K19

ജെ.പി.എം ആർട്സ് ആന്റ് സയൻസ് കോളേജിലെ "കോളേജ് ദിനാഘോഷം" ഫെബ്രുവരി 15ന് കോളേജ് ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെട്ടു.

സുവർണ്ണ ജൂബിലി നിറവിൽ

പൂവത്തോട് ചെറുപുഷ്പാരാം ആശ്രമത്തിന്റെ സുവർണ്ണ ജൂബിലയാഘോഷത്തിന്റെ ഉദ്ഘാടനവും പുതിയ പള്ളിയുടെ ശിലാസ്ഥാപനവും 2019 ജനുവരി 20 -ാം തിയതി നടത്തപ്പെട്ടു.

കോളേജ് കെട്ടിടത്തിന്റെ ആശീർവാദം

രാജാക്കാട് സാൻജോ കോളേജിന്റെ പുതിയ കെട്ടിടത്തിന്റെ ആശീർവാദ കർമ്മം ഇടുക്കി രൂപതയുടെ അഭിവന്ദ്യ പിതാവ് മാർ ജോൺ നെല്ലിക്കുന്നേൽ നിർവഹിച്ചു. ബഹു, പ്രൊവിൻഷ്യളച്ചനും, ജനറൽ കൗൺസിലർ ഫാ. ജോസ് മഞ്ഞിയിൽ, വൈദികരും, ജനപ്രതിനിധികളും, നാട്ടുകാരും പങ്കെടുത്തു. തുടർന്ന് കോളേജ് വിദ്യാർത്ഥികളുടെ വിവിധ കലാപരിപാടികൾ നടന്നു.

രജതജൂബിലി ആഘോഷം

സെന്റ് ജോസഫ് പ്രൊവിൻസിന്റെ രജത ജൂബിലി ആഘോഷം മാർച്ച് 19-ാം തിയതി ലിറ്റിൽ ഫ്ളവർ ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. അഭിവന്ദ്യ കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവിന്റെ മുഖ്യകാർമികത്വത്തിൽ ജൂബിലി കുർബാന അർപ്പിച്ചു. ദിവ്യബലിക്കു ശേഷം കർദിനാൾ പിതാവ് പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു. തുടർന്ന് മുൻ പ്രൊവിൻഷ്യളച്ചൻമാരെ ആദരിക്കുകയും, ഒരു കുടുംബത്തിന് ഭവന നിർമാണ സഹായധനം കൈമാറുകയും ചെയ്തു.

പുതിയ മിഷനുമായി..

ബഹു. എബിൻ കുഴിമുള്ളിയിലച്ചനും, മാത്യൂസ് ആണ്ടൂരച്ചനും അദിലാബാദ് രൂപത തെലുങ്കാനായിൽ നമ്മുടെ മിഷൻ ആരംഭിക്കുവാനായി പോയി.

കുടുംബവിശുദ്ധീകരണ കൺവൻഷൻ

കുടുംബങ്ങളുടെ നവീകരണത്തിനും വിശുദ്ധീകരണത്തിനുമായി ആർ ആർ സിയുടെ രജതജൂബിലി വർഷത്തോടനുബന്ധിച്ച് കുടുംബവിശുദ്ധീകരണ കൺവൻഷൻ മെയ് 10, 11, 12 തീയതികളിൽ നടത്തപ്പെടുന്നു. ബഹു. ജോസഫ് പുത്തൻപുരയ്ക്കൽ (OFM (CAP) അച്ചൻ കൺവൻഷന് നേതൃത്വം നൽകുന്നു. ബഹു. അച്ചന്മാരുടെ ബലിയർപ്പണങ്ങളിലും പ്രാർത്ഥനകളിലും കുടുംബവിശുദ്ധീകരണ കൺവൻഷനെ അനുസ്മരിക്കണമെന്ന് അപേക്ഷിക്കുന്നു. കൺവൻഷനിൽ പങ്കെടുക്കുവാൻ എല്ലാ അച്ചന്മാരെയും ഏറെ സ്നേഹത്തോടെ സ്വാഗതം ചെയ്യുന്നു.

ജൂബിലി സമാപനം

ചെറുപുഷ്പ സഭയിലെ ആലുവാ സെന്റ്. ജോസഫ് പ്രൊവിൻസിന്റെ രജതജൂബിലി ആഘോഷങ്ങൾക്ക് സമാപനം കുറിച്ചു. പെരിയ ബഹു. ബസേലിയൂസ് പാണാട്ടച്ചനാൽ മൂക്കന്നൂരിൽ സ്ഥാപിതമായ ചെറുപുഷ്പ സഭയിലെ ആലുവാ പ്രവശ്യ രൂപീകൃതമായത് 1994-ലാണ്. അജപാലനം, വിദ്യാഭ്യാസം, സാമൂഹിക പ്രവർത്തനം എന്നീ മേഖലകളിൽ ലോകത്തിന്റെ വിവിധയിടങ്ങളിൽ സജീവസാന്നിദ്ധ്യമായിരിക്കുന്ന സെന്റ് ജോസഫ് പ്രൊവിൻസിന്റെ രജത ജൂബിലി സമാപനത്തിൽ അഭിവന്ദ്യ കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവിന്റെ മുഖ്യ കാർമികത്വത്തിൽ കൃതജ്ഞത ബലിയർപ്പിച്ചു. തുടർന്നുള്ള പൊതുസമ്മേളനത്തിൽ പിതാവ് മുഖ്യപ്രഭാഷണവും ഉദ്ഘാടനവും നിർവഹിച്ചു. സി. എസ്. റ്റി. സമൂഹം കത്തോലിക്കാ സഭയുടെ പാരമ്പര്യവും തനിമയും സംസ്കാരവും കാത്തു പാലിക്കുന്നതിൽ ബദ്ധശ്രദ്ധരാണന്ന് കർദ്ദിനാൾ തിരുമേനി അനുസ്മരിച്ചു. ചെറുപുഷ്പ സഭയുടെ ജനറാൾ പെരിയ ബഹു. ഫ്രാൻസീസ് കിളിവള്ളിക്കലച്ചൻ, മറ്റു പ്രൊവിൻഷ്യളച്ചൻമാർ, ആലുവായിലെ സന്യാസ സമൂഹങ്ങളെ പ്രതിനിധീകരിച്ച് സി. റീസാ പാറയ്ക്കൽ എസ്. ഡി. അൽമായരെ പ്രതിനിധീകരിച്ച് പി.സി ജോസഫ് എന്നിവർ ആശംസകൾ അർപ്പിച്ചു. ഒട്ടനവധി വൈദികരുടെയും, സിസ്റ്റേഴ്സിന്റെയും, അൽമായരുടെയും സാനിദ്ധ്യത്തിൽ നടന്ന ജൂബിലി ആഘോഷങ്ങളുടെ സമാപന വേളയിൽ ബഹു. പ്രൊവിൻഷ്യാൾ ടോമി ആലുങ്കൽക്കരോട്ടച്ചൻ ജൂബിലി ആഘോഷത്തിന്റെ ഭാഗമായി നിർദ്ധനമായ ഒരു കുടുംബത്തിന് ഭവന നിർമാണത്തിനായി സാമ്പത്തിക സഹായം കൈമാറുകയും ചെയ്തു. തുടർന്ന് ജോബി വെള്ളപ്ലാക്കലച്ചൻ ഏവർക്കും നന്ദി പ്രകാശിപ്പിച്ചു. തുടർന്ന് സ്നേഹവിരുന്നിന്റെ സമയത്ത് പൂവത്തോട് മൈനർ സെമിനാരിക്കാരുടെ കലാവിരുന്ന് അരങ്ങേറി.

Olive ലേക്ക് ഉള്ള വാർത്തകളും ചിന്തകളും ലേഖനങ്ങളും olivecstfathers@gmail.com എന്ന E-mail-ൽ അയക്കേണ്ടതാണ്.

Days to Remember

2019 May to 2019 July

May 05	- D.A. of Fr. Norbert Vandalathukari CST
May 10	- D.A. of Fr. Jacob Edakkalathur CST
May 21	- D.A. of Fr. Albert Vettukallumpurath CST
June 03	- D.A. of Fr. Varghese Koikkara CST
June 24	- D.A. of Fr. Augustine Thekkel CST
June 29	- D.A. of Fr. Emmanuel Arackathottam CST
July 03	- St. Thomas Day
July 09	- D.A. of Fr. Damien Kondoor CST
July 12	- Feast of Saints Martin and Zelein Gurian
July 14	- D.A. of Fr. Pius Edasseriparambil CST
July 16	- D.A. of Fr. Thomas Puthukulangara CST
July 17	- D.A. of Fr. Joseph Thoomkuzhy CST
July 25	- Feast of St. James, The apostle
July 28	- Feast of St. Alphonsa

50 Years
Golden Jubilee

of Religious Profession

Fr. John Kadaliyil CST

Fr. Joseprakash Mannorettonnil CST

Fr. George Aranchery CST

First Profession : 17 May 1969

CELEBRATING 25 Years

of Religious Profession

Fr. Sabu Kandamkettiyil CST

Fr. Benny Konooran CST

Fr. Roy Vattakara CST

First Profession : 17 May 1994

CELEBRATING 25 Years of Religious Profession

Fr. Saji
Cheruchilambil CST

Fr. Bosco
Puthenvattapillil CST

Fr. Joseph
Puthiyath CST

Fr. Jeevan
Thudiyil CST

Fr. Biju
Thekkel CST

Fr. Joseph
Kizhakkekuruvithadathil CST

Fr. Jojo Jose
Varakukalayil CST

Fr. George
Cheppila CST

First Profession : 17 May 1994